# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.6)257/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 19/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയ്ക്കാട്ട്‌വയൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടയ്ക്കാട്ട്‌വയൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയ്ക്കാട്ട്‌വയൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.6)257/23 തീയ്യതി: 19/04/2023

## എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്‌വയൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്‌വയൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.റസിയാബിവി ജെ ,ഓഡിറ്റ് ഓഫീസർ എ.ഗ്രേഡ്
ശ്രീമതി.ശ്രീജ ഉണ്ണിക്കൃഷ്ണൻ ,ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്ജ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി മേഴ്സി കെ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ആർ.ജയകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽകുമാർ റ്റി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീമതി.രാജശ്രീ.കെ | സെക്രട്ടറി | 07-04-2021 | 04-12-2021 |
| ശ്രീമതി ഷീബ കെ.ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-12-2021 | 07-12-2021 |
| ശ്രീമതി ജയശ്രീ കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-12-2021 | 21-12-2021 |
| ശ്രീ ജയന്തകുമാർ എ പി | സെക്രട്ടറി | 22-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബെന്നി കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ (കരാർ) | 01-04-2021 | 17-05-2021 |
| ശ്രീ.ബാലകൃഷ്ണൻ പി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ (ചാർജ്) | 18-05-2021 | 27-07-2021 |
| ശ്രീമതി.മിനിമോൾ പി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 28-07-2021 | 31-03-2022 |
| ഡോ.ഉമാനാഥ് പൈ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ഭവ്യ ആർ പ്രസാദ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) തൊട്ടൂർ | 01-04-2021 | 31-03-2022 |
| ഡോ.വിനോദ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) ആരക്കുന്നം | 01-04-2021 | 31-03-2022 |
| ഡോ.ശ്രീദേവി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.മായ കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടക്കാട്ട് വയൽ | 01-04-2021 | 31-03-2022 |
| ശ്രീ.ഹരീഷ് കുമാർ പി.എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് | 01-04-2021 | 31-03-2022 |
| ഡോ.കവിത പി.വി | വെറ്ററിനറി സർജൻ | 01-04-2021 | 31-07-2021 |
| ഡോ.അമൃത ജോർജ്ജ് | വെറ്ററിനറി സർജൻ | 01-08-2021 | 17-11-2021 |
| ഡോ.വീണ ഫിലിപ്പ് | വെറ്ററിനറി സർജൻ | 18-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ജീന റ്റി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 19-11-2021 |
| ശ്രീമതി.ബിന്ദുതോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 20-11-2021 | 28-02-2022 |
| ശ്രീമതി.ഷൈല കെ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-03-2022 | 31-03-2022 |
| ശ്രീമതി.ഡല്ലിൻ പീറ്റേഴ്സ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയ കെ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ജയകുമാർ കെ | ഹെഡ്മാസ്റ്റർ,ജി എൽ പി എസ് | 01-04-2021 | 06-12-2021 |
| ശ്രീമതി.ജ്യോതി | ഹെഡ്മിസ്ട്രസ് | 07-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | ഗ്രാമസഭ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ദുരിതാശ്വാസ നിധി | 1-12 |
| 13 | അസറ്റ് മാനേജ്മെന്റ് | 1-13 |
| 14 | വസ്തുനികുതിനിർണ്ണയത്തിനായി തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്യുന്നു | 1-14 |
| 15 | ലൈസൻസില്ലാത്ത സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 1-15 |
| 16 | ബി. എസ്. എൻ. എൽ. മൊബൈൽ ടവറുകൾ - വസ്തുനികുതി ഈടാക്കുന്നില്ല | 1-16 |
| 17 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - അവശ്യവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. | 1-17 |
| 18 | അംഗൻവാടികളിലേക്ക് വാട്ടർ പ്യൂരിഫയർ -വാങ്ങൽ നടപടികൾ സുതാര്യമല്ല. | 1-18 |
| 19 | അയ്യകുന്നം കർഷക കേന്ദ്രം നിർമ്മാണം-ഉപയോഗയോഗ്യമാക്കിയിട്ടില്ല. | 1-19 |
| 20 | ശ്മശാനം മെയിന്റനൻസ് -എ.എം.സി.-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 21 | വയോജനങ്ങൾക്ക് കട്ടിൽ -വാങ്ങൽ നടപടികൾ സുതാര്യമല്ല | 1-21 |
| 22 | എൽ.ഇ.ഡി നിർമ്മാണ യൂണിറ്റിന് വികസന ഫണ്ടിൽ നിന്നും നൽകിയ ധനസഹായം തിരികെ ഈടാക്കേണ്ടതാണ് | 1-22 |
| 23 | കുട്ടികൾക്ക് കായിക പരിശീലനം - സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ | 1-23 |
| 24 | രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ-കോമൺ സർവ്വീസ് സെന്റർ - അവശ്യസേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 25 | അക്രഡിറ്റഡ് ഏജൻസി/നോൺ പി.എം.സി മുഖേനയല്ലാതെയും ടെൻഡർ നടപടി കൂടാതെയും മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു | 1-25 |

| | | |
|---|---|---|
| 26 | ആട് ഗ്രാമം പദ്ധതി - യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ളതിലും അധികം സബ്സിഡി നൽകി | 1-26 |
| 27 | ആർജിതാവധി പണമാക്കി മാറ്റിയത് അനുവദനീയമല്ല | 1-27 |
| 28 | കോളനികളിൽ സ്ഥാപിക്കുന്നതിന് ബയോബിന്നുകൾ വാങ്ങിയത് ഉപയോഗിച്ചില്ല - പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ചെലവ് | 1-28 |
| 29 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-29 |
| 30 | ആംബുലൻസ് വാങ്ങിയത് ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു | 1-30 |
| 31 | മോഡുലാർ ടോയ്‌ലെറ്റ് സ്ഥാപിച്ചത്-പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്താതെ ഭീമമായ തുക നൽകി. | 1-31 |
| 32 | ലൈഫ് ഭവനപദ്ധതി --ആദ്യ ഗഡു തുക മാത്രം കൈപ്പറ്റി-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-32 |
| 33 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവർക്കും പെൻഷൻ നൽകുന്നു. | 1-33 |
| 34 | പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-34 |
| 35 | മെഡിക്കൽ ഓഫീസർ, പി.എച്.സി. തൊട്ടൂർ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 36 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ആരക്കുന്നം- പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-36 |
| 37 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നത് സംബന്ധിച്ച് | 1-37 |
| 38 | സാക്ഷരത പ്രേരകിന് നൽകിയ ഹോണറേറിയം സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ് | 1-38 |
| 39 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-39 |
| 40 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ പദ്ധതി-മെറ്റീരിയൽ വർക്കുകൾക്ക് ജി.എസ്.ടി.ഈടാക്കേണ്ടതാണ്. | 1-40 |
| 41 | ടേക്ക് എ ബ്രേക്ക് പൊതുശൗചാലയ നിർമ്മാണം - അപാകതകൾ | 1-41 |
| 42 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ പദ്ധതി-പൊതുവായ അപാകതകൾ | 1-42 |
| 43 | ഓഡിറ്റ് ഇംപാക്ട് | 1-43 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കോളനികളിൽ സ്ഥാപിക്കുന്നതിന് ബയോബിന്നുകൾ വാങ്ങിയത് ഉപയോഗിച്ചില്ല-പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ചെലവ് | 3-1 |
| 2 | ശ്മശാനം മെയിന്റനൻസ് -എ.എം.സി.-പദ്ധതി നിർവ്വഹണത്തിലെ | 3-2 |

| | | |
|---|---|---|
| | അപാകതകൾ | |
| 3 | എൽ.ഇ.ഡി. നിർമ്മാണ യൂണിറ്റിന് വികസന ഫണ്ടിൽ നിന്നും നൽകിയ ധനസഹായം തിരികെ ഈടാക്കേണ്ടതാണ് | 3-3 |
| 4 | ആട് ഗ്രാമം പദ്ധതി - യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ളതിലും അധികം സബ്സിഡി നൽകി | 3-4 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തികവർഷത്തേക്കുള്ള പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 16.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള വരവ്, ചെലവ് വിവരങ്ങൾ ചുവടെചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 332658331 | 95634090 |
| ചെലവ് | 331256542 | 84967359 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് യുക്തിസഹവും യാഥാർത്ഥ്യബോധത്തോടെയും തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാനതീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 28.06.2022 |

വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied,untied) എന്നിവയിൽ ബാങ്ക്, ട്രഷറി എന്നിവിടങ്ങളിൽ വന്ന വരവ് ചെലവ് കണക്കുകളും ട്രഷറിയിലെ ലാപ്സായ തുക, ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ഇ ഗ്രാമസ്വരാജ് പോർട്ടലിലെ യഥാർത്ഥ ചെലവുതുകയല്ല വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. ചെലവ് തുക തെറ്റായി ജേണൽ എൻട്രി നടത്തിയതിനാലാണ് ഈ തെറ്റ് സംഭവിച്ചിട്ടുള്ളത്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ മൂല്യം പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. പഴയ പഞ്ചായത്ത് ഓഫീസ്, കളിസ്ഥലം, വിവിധ പദ്ധതികൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ, അംഗൻവാടികൾ എന്നിവ ഉൾപ്പടെയുള്ള സ്ഥാവര ആസ്തികളുടെ റവന്യൂ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുകയോ മൂല്യം കണക്കാക്കി കണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.
3) പഞ്ചായത്തിൽ വികലാംഗപെൻഷനായി വിതരണം ചെയ്ത 2918200 രൂപ വാർഷിക ധനകാര്യപത്രികയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
4) നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ ഏജൻസികൾക്കും നൽകിയ മുൻകൂറുകൾ സമയപരിധിക്ക് ശേഷവും തീർപ്പാക്കാതെ അവശേഷിക്കുന്നു.ഇവയുടെ വിവരങ്ങൾ ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കേരള വാട്ടർ അതോറിറ്റിക്ക് ഈ വർഷം നൽകിയ 763000/- രൂപ അഡ്വാൻസ് ഹെഡിൽ ചേർത്തിട്ടില്ല.
5) ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, മറ്റ് ഗ്രാന്റുകൾ ശീർഷകങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ്-ബി-4 ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
6) നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ നിർവ്വഹണ ഏജൻസികൾക്കും നൽകിയ വിവിധ ഡെപ്പോസിറ്റുകളുടെയും വർഷം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ബാലൻസ് ഷീറ്റ്-ബി-18 ഷെഡ്യൂളിൽ വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ 63,57,257/- രൂപയുടെ വിനിയോഗസാക്ഷ്യപത്രവും ചെലവ് രേഖകളും ഇനിയും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയും വലിയ തുകയുടെ വിശദാംശങ്ങൾ ലഭിക്കാനുണ്ടായിട്ടും അത് സംബന്ധിച്ച രേഖകളോ വിശദാംശങ്ങളോ ലഭ്യമല്ല. ഈ തുകയുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനാവശ്യമായ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,12,10,766.00 |
| വരവ് | 8,44,23,324.00 |

| | |
|---|---|
| ആകെ | 9,56,34,090.00 |
| ചെലവ് | 8,49,67,359.00 |
| നീക്കിയിരിപ്പ് | 1,06,66,731.00 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,43,306.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,10,580.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8775040 | 8775040 | 8772867 | 2173 (Lapsed) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3612536 | 3612536 | 3606333 | 6203 (Lapsed) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 103553 | 103553 | 100000 | 3553 (Lapsed) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 27473645 | 27473645 | 18794168 | 8679477 (Lapsed) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 4870979 | 4870979 | 4306721 | 564258 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് – Tied (ട്രഷറി) | 0 | 1437832 | 1437832 | 753579 | 684253 (Lapsed) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് Tied (ബാങ്ക്) | 0 | 3037000 | 3037000 | 3020174 | 16826 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് – Basic (ട്രഷറി) | | 341492 | 341492 | 341492 | - |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് Basic (ബാങ്ക്) | | 2062484 | 2062484 | 2025000 | 37484 |
| NPRPD | 425978 | 181401 | 607379 | 425978 | 181401 |
| കേന്ദ്രാവിഷ്കൃത ഫണ്ട് ഗ്രാന്റ് | 29832 | 0 | 29832 | 0 | 29832 |
| ഐ.സി.ഡി.എസ് | 768766 | 845783 | 1614549 | 770141 | 844408 |
| Solid Waste Mgt | 173563 | 1566897 | 1740460 | 1708878 | 31582 |
| ഗ്രാന്റ് -മറ്റ് വികസന പദ്ധതികൾ-സംസ്ഥാന വിഹിതം | 1800000 | 3240000 | 5040000 | 3696300 | 1343700 |

വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവിധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ തുക ഉൾപ്പെടാത്തതിനാൽ I-6 ലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 172276910 | 151 | 65107847 | 35 | 40 | 60.73 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 0 | 464512 | 464512 | 464512 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 21372411 | 21372411 | 21372411 | |
| | 0 | 218,36,923 | 218,36,923 | 218,36,923 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1200 | 2 |
| കർഷകത്തൊഴിലാളി പെൻഷൻ | 9241400 | 567 |
| വിധവാപെൻഷൻ | 7998500 | 512 |
| വാർദ്ധക്യകാലപെൻഷൻ | 25966300 | 1765 |
| വികലാംഗപെൻഷൻ | 2918200 | 186 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 827200 | 52 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

വികലാംഗപെൻഷൻ അനുവദിച്ച 2918200/- രൂപയുടെ ചെലവ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.02.2023 ഉച്ചക്ക് 12.30 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,106/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറച്ചു കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. പല വിഷയങ്ങളിലും കൃത്യമായ ഏകോപനത്തിന്റെയും മേൽനോട്ടത്തിന്റെയും അഭാവം പൊതുവെ കാണുന്നുണ്ട്. ഇതു കൂടാതെ ഓഡിറ്റ് സമയത്ത് ശ്രദ്ധയിൽ പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1.തനത് ഫണ്ട് വൗച്ചറുകളുടെ സൂക്ഷിപ്പ് കൃത്യമല്ല. ക്രമം തെറ്റിച്ചും ഫയലിൽ നിന്ന് ഇളകി വരുന്ന രീതിയിലും വൗച്ചറുകൾ സൂക്ഷിച്ചിരിക്കുന്നു.

2.ചെക്ക് എഴുതുന്നതിലെ ശ്രദ്ധക്കുറവ് നിമിത്തം ഗുണഭോക്താക്കൾക്ക് നൽകിയ ചെക്കുകൾ പലപ്പോഴും മാറാൻ സാധിക്കാതെ പുതിയ ചെക്ക് ഇഷ്യു ചെയ്തിട്ടുണ്ട്.

3.പഞ്ചായത്ത് ഓഫീസിലെ കംപ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ മുതലായവയുടെ കൃത്യമായ സ്റ്റോക്ക് എടുത്ത് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. പുതിയ ഉപകരണങ്ങൾ വാങ്ങുമ്പോൾ ബില്ലുകൾ ക്യാൻസൽ ചെയ്ത് സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നില്ല.

4.കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും പ്രൊജക്ട് മുഖേനയും അല്ലാതെയും വാങ്ങി നൽകുന്ന ഉപകരണങ്ങളുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല.

5.പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ടെണ്ടർ നടപടികളുടെ ഭാഗമായി പ്രൊക്യൂർമെന്റ് കമ്മറ്റി ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായോ സാംപിളുകൾ പരിശോധിച്ച് അനുയോജ്യമായവ തെരഞ്ഞെടുത്തതു സംബന്ധിച്ചോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല.വാങ്ങലുകളിലെ സുതാര്യത ഉറപ്പു വരുത്തുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

6.വിവിധ വാങ്ങലുകളുടെ ഭാഗമായി വ്യക്തികൾ വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിക്കുന്ന ടെണ്ടർ ഫോമുകളിൽ പഞ്ചായത്തിന്റെ സീൽ പതിയ്ക്കാത്ത ടെണ്ടറുകൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ടെണ്ടർ

ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും നൽകുന്ന ടെണ്ടർ ഫോമുകളിൽ മാത്രം ടെണ്ടർ സമർപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ടെണ്ടർ ഫോമുകളുടെ വില ആയത് വാങ്ങുന്നവരെല്ലാം കൗണ്ടറിൽ അടവാക്കുന്നുവെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. 2021-22 വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് 2022 ജനുവരി മാസത്തിലുംചില വാർഡുകളിൽ 2022 ഫെബ്രുവരി മാസത്തിലും ആണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. നിലവിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ ചേരുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.04.22 | 01.01.2022 മുതൽ 31.03.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.6.2016 | 2010- 11 മുതൽ 2014-15 വരെ | 07.08.2016 |

## 1-12 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ 2-12-2004 ൽ കാനറാ ബാങ്ക്, എടയ്ക്കാട്ടുവയൽ ബ്രാഞ്ചിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം മുന്നിരുപ്പ് 48292/- രൂപയും നീക്കിയിരുപ്പ് 81905/-രൂപയും ആണ്. 2021-22 വർഷം ഈ അക്കൗണ്ടിൽ നിന്ന് വ്യക്തികൾക്ക് ധനസഹായം നല്കിയിട്ടുണ്ട്.

ധനശേഖരണാർത്ഥമുള്ള കലാകായിക, വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ നിധിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന വ്യക്തിക്ക് അല്ലെങ്കിൽ കുടുംബത്തിന് അപേക്ഷയുടെ അടിസ്ഥാനത്തിലോ അടിയന്തിരഘട്ടങ്ങളിൽ അപേക്ഷ ഇല്ലാതെ തന്നെയോ ധനസഹായം നൽകാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.

## 1-13 അസറ്റ് മാനേജ്മെന്റ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷീക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തുനികുതിനിർണ്ണയത്തിനായി തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്യുന്ന

A. കെട്ടിടനികുതി നിർണ്ണയത്തിനായി തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്യുന്ന - എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 30/- രൂപ നിരക്കിലും 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 50/- രൂപ നിരക്കിലും ആണ് വസ്തുനികുതി തീരുമാനിച്ചിരിക്കുന്നത്. എന്നാൽ താഴെ പറയുന്ന 100 ച. മീറ്ററിനു മുകളിലുള്ള, എഴ് (ARV Annual Rental Value) കെട്ടിടങ്ങൾക്ക് 100 ച. മീറ്റർ വരെയുള്ള കെട്ടിടം എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | 1/231 | Benny John | 260.22 |
| 2 | 3/490 | IVAN PHILIPOSE | 143 |
| 3 | 3/491 | IVAN PHILIPOSE | 299 |
| 4 | 3/492 | IVAN PHILIPOSE | 299 |
| 5 | 3/494 | IVAN PHILIPOSE | 230.93 |
| 6 | 3/495 | IVAN PHILIPOSE | 268.8 |
| 7 | 4/87 | Peter J. Elayidom | 128 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്ത്, കുറഞ്ഞ നിരക്കിൽ നികുതി പിരിവ് നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിക്കൊണ്ടിരിക്കുകയാണ്.

ARV (Annual Rental Value) കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നു എങ്കിൽ ആയതിന്റെ വിവരങ്ങൾ സഞ്ചയ രേഖപ്പെടുത്തലുകളിൽ വ്യക്തമാക്കേണ്ടതാണ്. നിലവിൽ ARV കെട്ടിടങ്ങൾക്ക് വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. താഴെ ചേർത്തിരിക്കുന്ന വിധത്തിലാണ് സഞ്ചയ രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്. ഇത് ശരിയല്ല. വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ചട്ടപ്രകാരമുള്ള ഇളവുകൾ അർഹതയുള്ളവർക്ക് നൽകാമെന്നിരിക്കെ ഇത്തരത്തിൽ തെറ്റായ നികുതി നിരക്ക് സെലക്ട് ചെയ്തിരിക്കുന്നത് ശരിയല്ല. ഇതിനാൽ പുതിയകെട്ടിടങ്ങൾക്കും ഈ രീതിയിൽ തെറ്റായ നികുതി നിരക്ക് സെലക്ട് ചെയ്ത് നികുതി നിർണ്ണയം നടത്തുകയാണെങ്കിൽ ആയവ ശ്രദ്ധയിൽപ്പെടാൻ കഴിയാതെവരുന്ന സാഹചര്യം സംജാതമാകുന്നതാണ്.

| വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി | |
|---|---|
| (എ) നിലവിലുള്ള നികുതി (തുക) | XX |
| (ബി) വസ്തുനികുതി വർദ്ധനവ് (തുക) | 0 |
| (സി) വർദ്ധനവ്(%) | 0 |
| (ഡി) ഉയർന്ന പരിമിതി (തുക) | 0 |
| (ഇ) താഴ്ന്ന പരിമിതി (തുക) | 0 |

വാണിജ്യാവശ്യത്തിനുള്ള, നിലവിലുണ്ടായിരുന്ന മേൽ ഏഴ് കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ (ബാധകമായവ) ആയത് പ്രകാരം പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ഘടനാപരമായ മാറ്റം വന്നിട്ടുള്ളവയ്ക്ക് ആയത് പ്രകാരം വസ്തുനികുതി പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും പരിഗണിച്ച് ബാധകമായവയ്ക്ക് ചട്ടപ്രകാരം നികുതി പുനർനിർണയിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ഘടനാപരമായ മാറ്റം വരാത്തവയ്ക്ക് ശരിയായ നികുതി സെലക്ട് ചെയ്തുകൊണ്ട് ചട്ടപ്രകാരമുള്ള ഇളവുകൾ അർഹതയുള്ളവർക്ക് (വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്) നൽകി അപാകത പരിഹരിക്കേണ്ടതാണ്.

B. താഴെ പറയുന്ന 100 ച. മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള, പുതിയ (2015 First Half) കെട്ടിടത്തിന് 100 ച. മീറ്റർ വരെയുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണ്ണം ( ച.മീ.) | നിർണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി | അടിസ്ഥാന വസ്തു നികുതിയിലെ മാത്രം വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 14/84/B | ഇ.കെ. ഷാജി & ഷീന ഷാജി | 152.91 | 152.91 X 30 = 4587 | 152.91 X 50= 7645 | 3058 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്ത്, കുറഞ്ഞ നിരക്കിൽ നികുതി പിരിവ് നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/23.02.23) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് ചട്ടപ്രകാരം നികുതി പുനർനിർണയിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈസൻസില്ലാത്ത സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയ രേഖകൾ പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നീ ഉപയോഗക്രമങ്ങളിൽ കെട്ടിടങ്ങൾ നിലവിലുള്ളതായി കാണുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്കായി ലൈസൻസ് നൽകിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് നൽകിയ മറുപടി ഉൾപ്പെടെയുള്ള വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം., ഉപയോഗക്രമം | ഉടമയുടെ പേര് | മറുപടി | ഓഡിറ്റ് നിർദേശം |
|---|---|---|---|---|
| 1 | 2/29/B, സ്വകാര്യ ഹോസ്റ്റൽ | തങ്കച്ചൻ | ഉടമയുടെ പേരിൽ പ്രവർത്തിക്കുന്ന ഫാൽക്കൺസെനർജി എഞ്ചിനീയറിംഗ് പ്രൈ. ലി. എന്ന സ്ഥാപനത്തിലെ തൊഴിലാളികൾ വാടക ഇല്ലാതെ താമസിക്കുന്ന കെട്ടിടം ആണ്. ടി സ്ഥാപനത്തിന് മുളന്തുരുത്തി പഞ്ചായത്തിൽ നിന്ന് 2021 -22 ൽ ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. | എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള II/29/B, സ്വകാര്യ ഹോസ്റ്റൽ ആയതിനാൽ ടി സ്ഥാപനത്തിന് (സ്വകാര്യ ഹോസ്റ്റലിന്) എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസോടുകൂടി മാത്രമേ പ്രവർത്തിക്കാനാവൂ എന്നതിനാൽ ആയത് പ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. |
| 2 | 4/333/A, സ്വകാര്യ ഹോസ്റ്റൽ | കെ. എം. ഫിലിപ് | ഉടമയുടെ പേരിൽ പ്രവർത്തിക്കുന്ന റോയൽ റോക്ക് പ്രൊഡക്ട്സ് പേപ്പതി എന്ന സ്ഥാപനത്തിലെ തൊഴിലാളികൾ വാടക ഇല്ലാതെ താമസിക്കുന്ന കെട്ടിടം ആണ്. ടി സ്ഥാപനത്തിന് എടക്കാട്ടുവയൽ പഞ്ചായത്തിൽ നിന്ന് 11.06.20ലെ 26/2020-21 നമ്പറായി 01.04.20 മുതൽ 31.03.23 വരെ കാലയളവിലേക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. | 4/333/A, എന്നത് സ്വകാര്യ ഹോസ്റ്റൽ ആയി പ്രവർത്തിക്കുന്നതിനാൽ ആയത് എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസോടുകൂടി മാത്രമേ പ്രവർത്തിക്കാനാവൂ എന്നതിനാൽ ആയത് പ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. |
| 3 | 4/333/B,സ്വകാര്യ ഹോസ്റ്റൽ | കെ. എം. ഫിലിപ് | " | 4/333/B എന്നത് സ്വകാര്യ ഹോസ്റ്റൽ ആയി പ്രവർത്തിക്കുന്നതിനാൽ ആയത് എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസോട് കൂടി മാത്രമേ പ്രവർത്തിക്കാനാവൂ എന്നതിനാൽ ആയത് പ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. |
| 4 | 4/333/C,സ്വകാര്യ ഹോസ്റ്റൽ | കെ.എം. ഫിലിപ് | " | 4/333/C എന്നത് സ്വകാര്യ ഹോസ്റ്റൽ ആയി പ്രവർത്തിക്കുന്നതിനാൽ ആയത് എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | | ചട്ടപ്രകാരമുള്ള ലൈസൻസോടുകൂടി മാത്രമേ പ്രവർത്തിക്കാനാവൂ എന്നതിനാൽ ആയത് പ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. |
| 5 | 11/58/B,ഹോംസ്റ്റേ | രാജേഷ് ജോർജ്ജ് | ടി കെട്ടിടം ടൂറിസം ആവശ്യത്തിനായി പണികഴിപ്പിച്ചിട്ടുള്ളതാണ്.എന്നാൽ ടി കെട്ടിടത്തിന്റെ ഗണം ടൂറിസം ആവശ്യത്തിനായി "സർവീസ് വില്ല" എന്ന് മാറ്റം വരുത്തുന്നതിനായി 02.07.22 ൽ 942/22 നമ്പരായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. | അപേക്ഷ പ്രകാരമുള്ള തുടർനടപടി വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. |

നിലവിൽ (2021-22) ടി കെട്ടിടങ്ങൾ മേൽ ഉപയോഗക്രമം പ്രകാരം ഉപയോഗിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിനായി ലൈസൻസ് നൽകിയിട്ടുണ്ടോ എന്നും മറ്റേതെങ്കിലും ആവശ്യത്തിനായാണോ ഉപയോഗിക്കുന്നത് എന്നും പരിശോധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/ 24.02.23) ലഭ്യമാക്കിയ മറുപടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് തുടർനടപടികൾ പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-16 ബി. എസ്. എൻ. എൽ. മൊബൈൽ ടവറുകൾ - വസ്തുനികുതി ഈടാക്കുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയർ രേഖകൾ പ്രകാരം വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ, താഴെപറയുന്ന ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കാത്തതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. കെട്ടിട നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം | ഡിമാൻറ് 2021-22 ( I&II Half) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 3/535/A | ജനറൽ മാനേജർ , BSNL | BSNL Mobile | 9527.00 | 1,09,561/- (2011 മുതലുള്ള കുടിശ്ശിക) |
| 2 | 5/407/A | ജനറൽ മാനേജർ, BSNL | BSNL Mobile | 9527.00 | 1,09,561/- (2011 മുതലുള്ള കുടിശ്ശിക) |
| 3 | 10/281/A | ജനറൽ മാനേജർ, BSNL | BSNL Mobile | 9527.00 | 1,09,561/- (2011 മുതലുള്ള കുടിശ്ശിക) |
| | | ആകെ | | 28,581.00 | 3,28,683/- |

മേൽ BSNL Mobile Service സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി പിരിവിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടോ എന്നതും ആയതിന്റെ തുടർനടപടി വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം. 6/25.02.23) നൽകിയതിനെത്തുടർന്ന് നികുതി ഈടാക്കുന്നതിനായി ഓൺലൈൻ റവന്യൂ റിക്കവറി നടപടി ആരംഭിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടി പൂർത്തീകരിച്ച് തുക ഈടാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-17 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - അവശ്യവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തികവർഷം 212 പെർമിറ്റ് അപേക്ഷകൾ ലഭ്യമായിട്ടുണ്ട് (ക്രമ നം. 1-140, 1-72). രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ, ഇവയിൽ കെട്ടിട നിർമ്മാണം പൂർത്തിയായവ ഏതെന്ന് അറിയുവാൻ കഴിയുന്നില്ല. അവശ്യ വിവരങ്ങളായ Assessment Number (കോളം നമ്പർ - 20) Nature Of Disposal And Date (കോളം നമ്പർ - 23) എന്നിവ രേഖപ്പെടുത്താതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. Property Tax Mutation Number (കോളം നമ്പർ -19) (Ownership Change) ബാധകമായവയ്ക്ക് ആയതും രേഖപ്പെടുത്തേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം

ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/24.02.23) ലഭ്യമാക്കിയ മറുപടിയിൽ, അവശ്യ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിവരങ്ങൾ എത്രയും വേഗം രേഖപ്പെടുത്തി രജിസ്റ്റർ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

**1-18 അംഗൻവാടികളിലേക്ക് വാട്ടർ പ്യൂരിഫയർ -വാങ്ങൽ നടപടികൾ സുതാര്യമല്ല.**

പ്രോജക്ട് നം-279/22

അടങ്കൽ -234990/- (വികസനഫണ്ട് ജനറൽ & തനത് ഫണ്ട്)

ചെലവ് - 231420/- (TRN 211106000000009715/30-03-22 Rs.218000/-& Cheque- 22101251 &53 Rs.9498 & 3922)

ഗ്രാമപഞ്ചായത്തിലെ 21 അംഗൻവാടികളിലേക്ക് വാട്ടർ പ്യൂരിഫയറുകൾ വാങ്ങുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പദ്ധതി വഴി 2021-22 ൽ 2,31,420/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നിന് 11,020/- രൂപ നിരക്കിൽ യുറേക്കാ ഫോർബ്സ് കമ്പനിയിൽ നിന്നുമാണ് അക്വാഗാർഡ് മോഡൽ വാട്ടർ പ്യൂരിഫയറുകൾ വാങ്ങി വിതരണം നടത്തിയത്. പദ്ധതിയിലെ വാങ്ങലുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 പ്രകാരം 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയാണ് നടത്തേണ്ടത്. ടെണ്ടർ നോട്ടീസ് തയ്യാറാക്കി, പത്രപ്പരസ്യം നൽകി, അംഗീകൃത കരാറുകാർക്ക് ടെണ്ടർ രേഖകൾ നൽകി ടെണ്ടർ സമർപ്പണത്തിന് 21 ദിവസത്തെ സമയം അനുവദിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ പ്രസ്തുത സമയക്രമം പാലിച്ചതായി കാണുന്നില്ല. ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ച തീയതി 08/03/2022, വാങ്ങിയ ഉപകരണങ്ങളുടെ ഇൻവോയ്സ് തീയതി 26/03/2022 എന്നിങ്ങനെയാണ്. ടെണ്ടർ തുറക്കൽ, പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം, പഞ്ചായത്ത് കമ്മിറ്റി യോഗം, സപ്ലൈ ഓർഡർ നൽകൽ എന്നിവക്കെല്ലാം കൂടിയാണ് ഈ കാലയളവ് എന്നതിനാൽത്തന്നെ നിയമാനുസൃത സമയത്തിലും കുറഞ്ഞ സമയം മാത്രമാണ് ടെണ്ടർ സമർപ്പണത്തിന് നൽകിയിരുന്നത്.

2. വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിന് മുമ്പ് ഇതിന്റെ ആവശ്യകത സംബന്ധിച്ച് കൃത്യമായ പരിശോധനയോ റിപ്പോർട്ടോ തയ്യാറാക്കിയില്ല. വാട്ടർ പ്യൂരിഫയറുകൾ ഗ്രാവിറ്റി, R.O, യു.വി എന്നിങ്ങനെ പലയിനമുണ്ട്. ഇതിൽ ഏതിനമാണ് സ്ഥാപനത്തിന് അനുയോജ്യമെന്ന് പരിശോധിച്ചിട്ടില്ല. ലഭ്യമായ വെള്ളത്തിന്റെ സ്രോതസ്സ് (പൈപ്പ് ലൈൻ, കിണർ വെള്ളം, ബോർവെൽ Etc), വെള്ളത്തിന്റെ T*otal Dissolved Solids* (T.D.S) ലെവൽ എന്നിവ പ്രകാരമാണ് ഉപയോഗിക്കേണ്ട പ്യൂരിഫയർ തീരുമാനിക്കേണ്ടത്. വെള്ളത്തിന്റെ T.D.S ലെവൽ 200 Ppm ന് മുകളിലാണെങ്കിൽ R.O വാട്ടർ പ്യൂരിഫയറുകളാണ് ഏറ്റവും അനയോജ്യമായിട്ടുള്ളത്. ആവശ്യമായി വരുന്ന വെള്ളത്തിന്റെ അളവ് പ്രകാരമാണ് വാട്ടർ പ്യൂരിഫയറുകളുടെ കപ്പാസിറ്റി തീരുമാനിക്കേണ്ടത്. എന്നാൽ ഒരേയിനം പ്യൂരിഫയറുകളാണ് മേൽവിധമുള്ള പരിശോധനകളൊന്നും നടത്താതെ വാങ്ങിയത്. ഇതിന് തയ്യാറാക്കിയ ടെണ്ടർ നോട്ടീസ് (നം-എ2-331/2022 Dtd 08/03/2022) പ്രകാരം ഈ ഉപകരണത്തിന്റെ കപ്പാസിറ്റി, പ്യൂരിഫയിംഗ് രീതി പോലുള്ള സ്പെസിഫിക്കേഷനോ മറ്റ് ആവശ്യമായ വിവരങ്ങളോ നൽകിയിരുന്നില്ല. വാട്ടർ പ്യൂരിഫയറുകൾ വ്യത്യസ്തമായ ഗുണനിലവാരത്തിലും വില നിലവാരത്തിലും വിവിധ ബ്രാൻഡുകളിൽ ലഭ്യമായിരിക്കെ താരതമ്യം ചെയ്യാനുള്ള അടിസ്ഥാനവിവരങ്ങൾ പോലുമില്ലാതെ വാങ്ങൽ നടത്തി. ഉത്പന്നത്തിന്റെ ഗുണമേന്മയോ ഊർജ്ജക്ഷമതയോ ഉറപ്പാക്കാനുള്ള യാതൊരു നടപടികളും സ്വീകരിച്ചില്ല.

3.ടെണ്ടർ നോട്ടീസ് പ്രകാരം ഉപകരണത്തിന് സ്പെസിഫിക്കേഷൻ നൽകാതിരിക്കെ ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് (Rs.10990/unit) മെ.അക്വാനീറ്റ ഇൻഡസ്ട്രീസ്, വടുതല, കൊച്ചി എന്ന സ്ഥാപനത്തിന്റേതായിരുന്നു. നിയമാനുസൃതമായ ടെണ്ടർ വ്യവസ്ഥകളെല്ലാം ഈ സ്ഥാപനം പാലിച്ചിരുന്നു.എന്നാൽ ഇതിലും ഉയർന്ന നിരക്കു നൽകിയ (Rs.11020) സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്. ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് അംഗീകരിച്ചു എന്നാണ് സ്റ്റീയറിംഗ് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലഭിച്ച ടെണ്ടറുകളിലെ കുറഞ്ഞ നിരക്കിലല്ല വാങ്ങൽ നടത്തിയത്.

4.ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ക്വട്ടേഷനുകൾ/ടെണ്ടറുകൾ അംഗീകരിക്കേണ്ടത്. ഈ പദ്ധതികളുടെ വാങ്ങലിനായി ക്ഷണിച്ച ക്വട്ടേഷനുകൾ /ടെണ്ടറുകൾ എന്നിവ കമ്മിറ്റി പരിശോധിച്ചതിന്റേയോ ഏതെങ്കിലും ഉത്പന്നം വാങ്ങാൻ ശുപാർശ നൽകിയതിന്റേയോ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ ടെണ്ടറിന്റെ വിവരങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിശോധനക്ക് നൽകാത്തത് എന്തുകൊണ്ട് എന്ന കാര്യവും വ്യക്തമാക്കിയിട്ടില്ല.

5.ലഭിച്ച ടെണ്ടറിൽ 3 സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിന്റെ സീലുള്ള അംഗീകൃത ടെണ്ടർ ഫോമിൽ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ മാത്രം ഇ.എം.ഡി ഒടുക്കിയതിന്റെ വിവരങ്ങളേ ലഭ്യമായിട്ടുള്ളൂ. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾക്ക് ടെണ്ടർ ഫോം വിറ്റതിന്റെ രേഖകളും

ഫോംവിലയായി ഈടാക്കിയ തുകയുടെ രസീതികളും ലഭ്യമായിട്ടില്ല. എല്ലാ സ്ഥാപനങ്ങളും ഇ.എം.ഡി ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

6.ടെണ്ടർ നോട്ടീസ് പ്രകാരമുള്ള ടെണ്ടർ വ്യവസ്ഥകളിൽ കരാർ ലഭിക്കുന്ന സ്ഥാപനം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. കരാർ നൽകിയ യുറേക്കാ ഫോർബ്സ് കമ്പനിയിൽ നിന്നും 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 5/ 24-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇൻസ്റ്റലേഷനും പ്ലംബിംഗിനും തുക വകയിരുത്താതിരുന്നതിനാൽ അംഗൻവാടികളിൽ വാട്ടർപ്യൂരിഫയർ സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുയാണ് എന്ന് ഭൗതികപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ചെലവഴിച്ച 231420/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 അയ്യകുന്നം കർഷക കേന്ദ്രം നിർമ്മാണം-ഉപയോഗയോഗ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | So 207/22 |
| പ്രോജക്ടിന്റെ പേര് | അയ്യകുന്നം കർഷക കേന്ദ്രം നിർമ്മാണം |
| അടങ്കൽ | 885000/- |
| ചെലവ് | 1)20000/-ബിൽ നം.21/20-11.4.20<br>2) 42499/- ബിൽ നം.323/17.3.21<br>3) 417802/-ബിൽ നം.324/17-3-21<br>4) 188595/- ബിൽ നം. |
| കരാറുകാരൻ | ശ്രീ.കെ.റ്റി.തോമസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

ഗ്രാമപഞ്ചായത്തിൽ 2019-20 ൽ ബഹു വർഷ പദ്ധതിയായി ആരംഭിച്ച ഒരു പ്രോജക്ടാണിത്. എഗ്രിമെന്റ് നം.59/AEE/LSGD/19-20/dated.3.3.20. (M.book.no.52/19-20) 20-21 ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്ന ഒരു പ്രോജക്ടാണിത്. ഈ പ്രോജക്ടിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/21-2-23) ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ ചെയ്തിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ ചെയ്ത് ടി കേന്ദ്രം ഉപയോഗയോഗ്യമാക്കേണ്ടതാണ്.

## 1-20 ശ്മശാനം മെയിന്റനൻസ് -എ.എം.സി.-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 222/22 |
| പ്രൊജക്ടിന്റെ പേര് | ശ്മശാനം മെയിന്റനൻസ്-എ.എം.സി.നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,00,000/-(തനത് ഫണ്ട്) |
| ചെലവ് | (1) 1,20,000/-(വൗച്ചർ നമ്പർ-22100672/08.11.21)<br>(2)1,17,600/- (വൗച്ചർ നമ്പർ-22100673/09.11.21)<br>(3)2400/- (ആദായ നികുതി ടി.ഡി.എസ്). |

എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ ശ്മശാനം മെയിന്റനൻസിനായി എ.എം.സി നൽകുന്നതിന് 08.9.21ൽ ജി.എസ്.ടി.രജിസ്ട്രേഷനുള്ള കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചതിനെ തുടർന്ന് 3 കമ്പനികൾ ടെണ്ടർ സമർപ്പിക്കുകയും കുറഞ്ഞ തുക 2,40,000/-രൂപ ക്വാട്ട് ചെയ്ത പെർഫെക്ട് എൻജിനീയറിംഗ് സർവ്വീസസ്, നെന്മാറ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 21-22വർഷം 1,20,000/-രൂപ എ.എം.സി.ആദ്യ ഗഡു ഇനത്തിൽ പദ്ധതിയ്ക്കായി ചെലവഴിക്കുകയും ചെയ്തു. പെർഫെക്ട് എൻജിനീയറിംഗ് സർവ്വീസസ് ടെണ്ടറിനൊപ്പം ശ്മശാനം നിർമ്മാണം, മെയിന്റനൻസ് എന്നീ മേഖലകളിലെ പ്രവൃത്തി പരിചയം കാണിക്കുന്ന രേഖകൾ, ജി.എസ്.ടി.രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, PAN എന്നിവ ഹാജരാക്കിയിട്ടില്ല. സ്ഥാപനം നൽകിയ 1,20,000/- രൂപയുടെ ഇൻവോയ്സിൽ - ഇൻവോയ്സ് നമ്പർ 74-ൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി മൂല്യം 1,01,694.91/- രൂപ, CGST 9152.54/-, SGST-9152.54/- ഉൾപ്പെടെയുള്ള ബില്ലാണ് സ്ഥാപനം നൽകിയത്. എന്നാൽ ഇത്

ജി.എസ്.ടി. ഇൻവോയ്സിന്റെ മാതൃകയിലുള്ള ഇൻവോയ്സ് അല്ല. ഇൻവോയ്സിലും എ.എം.സി.ക്വട്ടേഷനിലും നൽകിയിട്ടുള്ള ജി.എസ്.ടി നമ്പർ-32DECPR0028QIDZ ജി.എസ്.ടി.വെബ് പോർട്ടലിൽ ഇൻവാലിഡ് എന്നാണ് കാണിച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ GSTIN കാണിക്കുന്ന ജി.എസ്.ടി.രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻവോയ്സിന്റെ ആധികാരികത എന്നിവ പരിശോധിച്ചതിനു ശേഷം മാത്രമേ ജി.എസ്.ടി. നൽകാവൂ എന്നിരിക്കെ യാതൊരു മേൽ പരിശോധനയും കൂടാതെ പഞ്ചായത്ത് തുക നൽകിയത്. ഇൻവാലിഡ് ജി.എസ്.ടി.രജിസ്ട്രേഷൻ നമ്പർ കാണിച്ച് പഞ്ചായത്ത് ഫണ്ടിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ സ്ഥാപനം കൈപ്പറ്റിയ 18306/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഭാഗം 3ൽ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

1-21 വയോജനങ്ങൾക്ക് കട്ടിൽ -വാങ്ങൽ നടപടികൾ സുതാര്യമല്ല

പ്രോജക്ട്നം-111/2022

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ- 196800/- (Plan Gen- 1,96,800)

ചെലവ്-196800/- ( ബിൽ നം-211106000000005403 -Rs.196800 /-Dtd 06/11/2021
എൻക്വയറി -No-28/28-02-2023

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് തയ്യാറാക്കിയ പദ്ധതി പ്രകാരം 2021-22 ൽ 1,96,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. 1.98 M നീളവും 90 Cm വീതിയും ഉള്ള 8 Mm കനമുള്ള പ്ലൈവുഡിനാൽ പ്രതലം നിർമ്മിച്ച കട്ടിലിനുള്ള നിരക്ക് രേഖപ്പെടുത്താനാണ് ടെണ്ടർ ക്ഷണിച്ചത് (നോട്ടീസ് നമ്പർ ICDS 01/2021-22 Dtd 10.08.2021). ടെണ്ടറിൽ 5 സ്ഥാപനങ്ങളാണ് പങ്കെടുത്തത്. ടെണ്ടർ നോട്ടീസ് പ്രകാരം ആവശ്യമായ തടിയുടെ ഇനം സ്പെസിഫിക്കേഷൻ നൽകിയിരുന്നില്ല. ആയതിനാൽ ടെണ്ടറുകളിൽ ആഞ്ഞിലി, മഹാഗണി, തെങ്ങ് എന്നിങ്ങനെ വ്യത്യസ്തമായ മോഡൽ ഉത്പന്നങ്ങളുടെ വില സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിരുന്നു. ടെണ്ടർ നോട്ടീസ് പ്രകാരമുള്ള മറ്റ് സ്പെസിഫിക്കേഷനാണ് എല്ലാ ടെണ്ടറിലും സ്ഥാപനങ്ങൾ നൽകിയിരുന്നത്. ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഇനം | നിരക്ക് | നിരക്ക് |
|---|---|---|---|
| കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് | ആഞ്ഞിലി / മഹാഗണി | 3590/- | 4180/- Polished |
| കീർത്തി മാർക്കറ്റിംഗ് | ആഞ്ഞിലി / മഹാഗണി | 3427/- (5yr ഗ്യാരണ്ടി) | 4237/- (10 Yr ഗ്യാരണ്ടി) |
| ദീപം എന്റർപ്രൈസസ് | ആഞ്ഞിലി / മഹാഗണി | 3290/- | 3690/- |
| റീന രവീന്ദ്രൻ, ആശഭവൻ | മഹാഗണി | | 4000/- (Polished) |
| ബാബു കണ്ണംതറ | തെങ്ങ് | 3100/- | |

ഇതിൽ കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നെഗോസിയേഷനു ശേഷം 4100/- രൂപക്ക് അംഗീകരിക്കുകയും 48 കട്ടിലുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരമുള്ളതിലും കുറഞ്ഞ വിലക്ക് വാങ്ങിയ ഉത്പന്നം തന്നെ മറ്റ് സ്ഥാപനങ്ങൾ നൽകാമെന്ന് അറിയിച്ചിരുന്നുവെങ്കിലും അവ സ്വീകരിക്കാത്തതിന് വ്യക്തമായ കാരണം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. നിയമാനുസൃതമായ ടെണ്ടർ വ്യവസ്ഥകളെല്ലാം കുറഞ്ഞ നിരക്ക് നൽകിയ സ്ഥാപനങ്ങളും പാലിച്ചിരുന്നു. എന്നാൽ ഉയർന്ന നിരക്കു നൽകിയ സ്ഥാപനത്തിൽ നിന്നാണ് വ്യക്തമായ കാരണം രേഖപ്പെടുത്താതെ കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. വാങ്ങിയ ഉത്പന്നത്തിന്റേതുൾപ്പെടെ ഗുണമേന്മ പരിശോധിച്ചതായി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
2. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾക്ക് ടെണ്ടർ ഫോം വിറ്റതിന്റെ രേഖകളും ഫോംവിലയായി ഈടാക്കിയ തുകയുടെ രസീതികളും ലഭ്യമായിട്ടില്ല. എല്ലാ സ്ഥാപനങ്ങളും ഇ.എം.ഡി ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

3.ടെണ്ടർ നോട്ടീസ് പ്രകാരമുള്ള ടെണ്ടർ വ്യവസ്ഥകളിൽ കരാർ ലഭിക്കുന്ന സ്ഥാപനം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. കരാർ നൽകിയ കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സിൽ നിന്നും 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് 196800/- രൂപ തടസ്സപ്പെടുത്തുന്നു.

1-22 എൽ.ഇ.ഡി നിർമ്മാണ യൂണിറ്റിന് വികസന ഫണ്ടിൽ നിന്നും നൽകിയ ധനസഹായം തിരികെ ഈടാക്കേണ്ടതാണ്

2021-22 വർഷം വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ-16/22 പ്രകാരം ചെത്തിക്കോട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഡ്രീംലൈറ്റ് എൽ.ഇ.ഡി.യൂണിറ്റ് എന്ന കുടുംബശ്രീ സംരംഭത്തിന് പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 25,000/-രൂപ ധനസഹായം നൽകി. ജി.ഓ(പി)നം.22/2018/ത.സ്വ.ഭ.വ., തീ.14.02.2018 സബ്സിഡി മാർഗരേഖ പ്രകാരം ബാങ്ക് വായ്പ എടുത്ത് പുതിയതായി സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം തുടങ്ങുന്നവർക്ക് വായ്പയുടെ പലിശ തുക ബാക്ക് എൻഡ് സബ്സിഡിയായി ലോൺ അക്കൗണ്ടിലേക്ക് നൽകുന്നതിനു വേണ്ടി മാത്രമേ തനത്/വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കാവൂ. സബ്സിഡി മാർഗ രേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 25,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരം ഭാഗം-3 ൽ ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്.

1-23 കുട്ടികൾക്ക് കായിക പരിശീലനം - സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നം - 252/2022

അടങ്കൽ - 222000/- (Plan- G -222000 )

ചെലവ് - 222000/-

വൗച്ചർ നം - 211106000000009779 Rs.222,000/- C/o 30/03/2022 (പ്ലാൻ ഫണ്ട്)

നിർവ്വഹണം – ഹെഡ്മാസ്റ്റർ ഗവ യു.പി.സ്കൂൾ

എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ കായികമേഖലയിൽ കുട്ടികൾക്ക് കായിക പരിശീലനവും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങലിനുമായി നടപ്പിലാക്കിയ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും 222000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ചാണ് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത്. സബ്സിഡി മാർഗ്ഗരേഖയിലെ കായിക വികസനവുമായി ബന്ധപ്പെട്ട 7.6.2 -ൽ 01 മുതൽ 12 വരെയാണ് ഈ വിഭാഗത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളുള്ളത്. തദ്ദേശസ്ഥാപനങ്ങളിൽ ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, കബഡി പോലുള്ള ഗെയിമുകൾക്ക് ടീം രൂപീകരിച്ച്, സെലക്ഷൻ ട്രയൽസ്, ചാമ്പ്യൻഷിപ്പ് നടത്തുന്നതിനാണ് തുക ചെലവഴിക്കാവുന്നത്.

1. ഫുട്ബോൾ പോലുള്ള ഗെയിമുകൾക്ക് ടീം രൂപീകരിച്ചതായോ സെലക്ഷൻ ട്രയൽസ്, ചാമ്പ്യൻഷിപ്പ് നടത്തിയതായോ യാതൊരു രേഖകളുമില്ലാതെയുമാണ് ഉപകരണങ്ങൾ വാങ്ങുന്നതിനായി മാത്രം തുക ചെലവഴിച്ചത്.
2. ഇതിൽ പരാമർശിക്കാത്ത ചെസ് മത്സരവുമായി ബന്ധപ്പെട്ട് ചെസ് ബോർഡ്, ചെസ് ക്ലോക്ക്, ഡിസ്പ്ലേ എന്നിവക്കായി 80300/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവിന് ആധാരമായ ഉത്തരവുകൾ ഒന്നും ഹാജരാക്കിയിട്ടില്ല.
3. ടെണ്ടർ നോട്ടീസ് പ്രകാരമുള്ള എണ്ണം ഉപകരണങ്ങൾ നൽകുന്നതിന് സ്ഥാപനം ക്വാട്ട് ചെയ്തത് 192018/- രൂപയാണ്. എന്നാൽ ബില്ല് പ്രകാരം മുഴുവൻ അടങ്കൽ തുകയായ 222000/- രൂപക്കും ഉപകരണങ്ങൾ വാങ്ങി.
4. വാങ്ങിയ ഉപകരണങ്ങൾ കൈപ്പറ്റി സ്റ്റോക്കിൽ ചേർത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ യാതൊരു രേഖകളും സ്റ്റോക്ക് രജിസ്റ്ററുമില്ല.
5. ഉപകരണങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട് വാങ്ങൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഉപകരണങ്ങളുടെ സർവ്വീസ്, വാറന്റി എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.
6. ടെണ്ടറിൽ ആകെ രണ്ട് സ്ഥാപനങ്ങളാണ് പങ്കെടുത്തത്. ഇതിൽ ഒന്ന് ത്രിവേണി സൂപ്പർമാർക്കറ്റിന്റേതാണ്. ഈ സ്ഥാപനം നിത്യോപയോഗ, സ്റ്റേഷനറി സാധനങ്ങളുടെ വ്യാപാരമാണ് നടത്തുന്നത്. സ്പോർട്സ് ഉപകരണങ്ങളുടെ വില്പനയുമായി ബന്ധപ്പെട്ട സ്ഥാപനം ഒന്നുമാത്രമായിരിക്കെ റീ ടെണ്ടർ നടത്തിയില്ല.
7. പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണമോ പ്രായമോ ലഭിക്കുന്നതിനുമുമ്പേ വാങ്ങേണ്ട ഉപകരണങ്ങളുടെയും ജഴ്സിയുടെയും എണ്ണം കണക്കാക്കിയതെങ്ങനെ എന്ന് വ്യക്തമാക്കിയിട്ടില്ല. വാങ്ങിയ ജഴ്സികൾ ആർക്കാണ് നൽകിയെന്നതിന് രേഖകളില്ല.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 222000/- രൂപ തടസ്സപ്പെടുത്തുന്നു.

1-24 രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ-കോമൺ സർവ്വീസ് സെന്റർ - അവശ്യസേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 251/22 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | കോമൺ സർവ്വീസ് സെന്ററിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 4,00,000/-(ആർ.ജി.എസ്.എ.വിഹിതം) |
| ചെലവ് | 3,99,846/- |

2021-22 വർഷം സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് ജി.ഒ.(ആർ.ടി)നം. 943/2021/എൽ.എസ്.ജി.ഡി.,തീ.03.5.21പ്രകാരം 52.86 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. 52.86 കോടി രൂപയുടെ ആനുവൽ ആക്ഷൻ പ്ളാനിൽ ഉൾപ്പെട്ട Panchayat Bhavan Supportഎന്ന ഘടകത്തിൽ ഉൾപ്പെടുത്തി 12 കോമൺ സർവ്വീസ് സെന്ററുകളുടെ നിർമ്മാണത്തിന് 48 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് കോമൺ സർവ്വീസ് സെന്റർ നിർമ്മാണത്തിനായി ഒരു ഗ്രാമപഞ്ചായത്തിന് പരമാവധി 4 ലക്ഷം രൂപയ്ക്ക് അർഹതയുണ്ട്.

പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഓൺലൈൻ സേവനങ്ങൾ എല്ലാം ഒരു കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വിധത്തിൽ (നിലവിലെ അക്ഷയ സെന്ററുകളുടെ മാതൃകയിൽ)ഗ്രാമപഞ്ചായത്ത് ഓഫീസിനോടു ചേർന്ന് സ്ഥാപിക്കുന്ന ഒരു സംവിധാനമാണ് കോമൺ സർവ്വീസ് സെന്റർ എന്നതു കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്നും ആയതിനാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള അക്ഷയ സെന്ററുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ട ഭൗതിക സാഹചര്യം ഒരുക്കുന്നതിന് അലോട്ട്മെന്റ് പ്രകാരമുള്ള തുക വിനിയോഗിക്കാമെന്നും എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഡി.ഡി.പി./ഇ കെ എം /*1197* / 2021-എഫ്, തീ.03.9.21നമ്പർ കത്തിൽ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ 2 കിലോമീറ്റർ ചുറ്റളവിൽ അക്ഷയ കേന്ദ്രങ്ങൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും അക്ഷയ സെന്റർ ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തന സജ്ജമാക്കാൻ കഴിയുന്ന സാഹചര്യമുണ്ടെങ്കിൽ അത്തരം ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ 03.9.21നു മുൻപ് അറിയിക്കാനും ടി കത്തിൽ ഡി.ഡി.പി നിർദ്ദേശിച്ചിരുന്നു.

ഇപ്രകാരം 2 കിലോമീറ്റർ ചുറ്റളവിൽ അക്ഷയ സെന്റർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററിന് അപ്പുറത്തുള്ള അക്ഷയ സെന്ററുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതു വഴി പൊതു ജനങ്ങൾക്ക് മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നു ലഭിക്കുന്ന സേവനങ്ങൾ അധിക ദൂരം സഞ്ചരിക്കാതെ തന്നെ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്നതിലൂടെ പൗര സേവനം മെച്ചപ്പെടുത്തുക എന്നതാണ് സർക്കാർ കോമൺ സർവ്വീസ് സെന്റർ എന്നതു കൊണ്ട് ഉദ്ദേശിച്ചത്.

ഡി.ഡി.പി.യുടെ കത്തിൽ നിർദേശിച്ചതു പ്രകാരം അക്ഷയ കേന്ദ്രങ്ങൾ പഞ്ചായത്ത് ഓഫീസിനോട് ചേർന്നു മാറ്റി സ്ഥാപിക്കുന്നതിനു ഭൗതിക സാഹചര്യം ഒരുക്കുന്നതിനാണ് പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ പഞ്ചായത്ത് ഓഫീസിന്റെ മുൻഭാഗത്തുള്ള സ്ഥലം വേർതിരിച്ചെടുത്ത് കോമൺ സർവ്വീസ് സെന്ററാക്കി മാറ്റുകയും സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 251/22 നമ്പർ പ്രോജക്ട് മുഖേന 399846/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് കംപ്യൂട്ടർ, യു.പി.എസ്., ഹൈ സ്പീഡ് സ്കാനർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങുകയുമാണ് പഞ്ചായത്ത് ചെയ്തത്. (പ്രോജക്ടിന്റെ പേര് - കോമൺസർവ്വീസ് സെന്ററിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ) ആർ.ജി.എസ്.എ.ഫണ്ട് പിന്നീട് ലഭിച്ചു. എന്നാൽ ഐ.ടി. വകുപ്പിനു കീഴിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന യാതൊരു സേവനവും കോമൺ സർവ്വീസ് സെന്ററിൽ നിന്നും നിലവിൽ ലഭിക്കുന്നില്ല. പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് ആവശ്യമായ സപ്പോർട്ട്, അപേക്ഷ തയ്യാറാക്കി നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ മാത്രമാണ് കോമൺ സർവ്വീസ് സെന്ററിൽ നടക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾ വഴി നിലവിൽ ലഭിക്കുന്ന സേവനങ്ങൾക്കുള്ള Access കോമൺ സർവ്വീസ് സെന്ററിന് ലഭിക്കാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈൻ സേവനങ്ങൾ നൽകുന്നതിന് കംപ്യൂട്ടർ, യു.പി.എസ്., പ്രിന്റർ കം സ്കാനർ എന്നിവ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. എന്നാൽ പ്രൊജക്ട് പ്രകാരം കോമൺ സർവ്വീസ് സെന്ററിലേക്ക് GeMമുഖേന 3,99,846/- രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫോട്ടോസ്റ്റാറ്റ് മെഷീൻ-1,50,000/-

ഹൈസ്പീഡ് സ്കാനർ-1,47,000/-

ഡെസ്ക്ക് ടോപ്പ് കംപ്യൂട്ടർ-49,848/-

ഓൺലൈൻ യു.പി.എസ്.-49,498/-

എൽ.ഇ.ഡി. മോണിട്ടർ-3,500/-

മേൽപ്പറഞ്ഞ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് നിലവിൽ കുടുംബശ്രീ നടത്തുന്ന കോമൺ സർവ്വീസ് സെന്ററിലെ ജീവനക്കാർക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 3500/-രൂപയുടെ എൽ.ഇ.ഡി.മോണിട്ടർ മാത്രം കോമൺ സർവ്വീസ് സെന്ററിലേക്ക് വാങ്ങിയതിന്റെ ആവശ്യകത എന്താണെന്ന് വ്യക്തമല്ല. ടി എൽ.ഇ.ഡി. മോണിട്ടർ മാത്രമായി എവിടെയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമല്ല.

കോമൺ സർവ്വീസ് സെന്റർ സ്ഥാപിക്കുന്നതിന് പരമാവധി 4 ലക്ഷം രൂപ വരെ മാത്രമേ സർക്കാർ ഉത്തരവ് പ്രകാരം ചെലവഴിക്കാവൂ എന്നിരിക്കെ ടി തുക ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ചതിനു ശേഷം, കോമൺ സർവ്വീസ് സെന്ററിന്റെ സിവിൽ വർക്കുകൾക്ക് 2022-23 വർഷം അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥയായി പൊതു വിഭാഗം വികസന ഫണ്ട് ഉപയോഗിച്ച് 78,500/-രൂപ അടങ്കലിൽ കുടുംബശ്രീ കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം എന്ന പേരിൽ പ്രൊജക്ട് നമ്പർ-225/23 വിഭാവനം ചെയ്ത് ഡി.പി.സി.അംഗീകാരം വാങ്ങുകയും ആയതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്(ടി പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തി ബിൽ തയ്യാറാക്കുന്ന ഘട്ടത്തിലാണുള്ളത്). ഇവിടെ, സർക്കാർ ഉത്തരവ് പ്രകാരം കോമൺ സർവ്വീസ് സെന്റർ സ്ഥാപിക്കുന്നതിന് അനുവദനീയമായ പരമാവധി 4 ലക്ഷം രൂപയിൽ കൂടുതൽ തുക കോമൺ സർവ്വീസ് സെന്റർ സജ്ജമാക്കാൻ പഞ്ചായത്ത് ചെലവഴിച്ചു. എന്നാൽ രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ, കോമൺ സർവ്വീസ് സെന്റർ എന്നതു കൊണ്ട് ലക്ഷ്യമാക്കിയ സേവനങ്ങളൊന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ നിലവിൽ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കോമൺ സർവ്വീസ് സെന്റർ വഴി അവശ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 അക്രഡിറ്റഡ് ഏജൻസി/നോൺ പി.എം.സി മുഖേനയല്ലാതെയും ടെൻഡർ നടപടി കൂടാതെയും മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 125/22 | |
| പ്രൊജക്ടിന്റെ പേര് | പ്രധാന കവലകളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |
| അടങ്കൽ | 8,30,000/-(സി.എഫ്.സി.അൺ ടൈഡ് ബേസിക്ക് ഗ്രാന്റ്)<br>1,10,000/-(തനത് ഫണ്ട്) | |
| ചെലവ് | 8,30,000/- ബിൽ നമ്പർ-182/20.11.21)<br>80,000/- വൗച്ചർ നമ്പർ-22100794/04.12.21<br>14378/- വൗച്ചർനമ്പർ-22100527/06.10.21 | ആകെ ചെലവ്-9,24,378/- |

പ്രൊജക്ട് പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 7 എണ്ണം LED മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന് ജി.എസ്.ടി 12% തുക ഉൾപ്പെടെ 9,10,000/-രൂപ ഇൻവോയ്സ് നമ്പർ-335/22.10.21 പ്രകാരം നൽകി.14,378/-രൂപ സർവ്വീസ് കണക്ഷൻ ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി.ക്കും നൽകി. 1,30,000/-രൂപയാണ് ഒരു മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ചെലവ് വന്നത്.

സ.ഉ.(പി)നം.77/2019/ഫിൻ,തീ.04.7.2019 പ്രകാരമുള്ള അക്രഡിറ്റഡ് ഏജൻസികളുടെ അക്രഡിറ്റേഷൻ പുതുക്കി നിർണ്ണയിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവു പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (PMC)ആയാണ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. സുതാര്യമായ ബിഡിംഗ് നടപടികളിലൂടെയാണ് പി.എം.സികളെ തെരഞ്ഞെടുക്കേണ്ടത്.പി.എം.സികൾക്ക് അവർ ഏറ്റെടുക്കുന്ന പ്രവൃത്തികൾ നേരിട്ട് നിർവ്വഹിക്കാൻ സാധിക്കുകയില്ല. പി.എം.സി ആയി അക്രഡിറ്റേഷൻ എടുക്കുന്ന ഏജൻസികൾ ക്ലയന്റ് ഡിപ്പാർട്ട്മെന്റിനെ അറിയിച്ചു കൊണ്ട് സുതാര്യമായ ബിഡിംഗ് നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാർ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്. പി.എം.സി.യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്ലയന്റ് ഡിപ്പാർട്ട്മെന്റ് നേരിട്ട് മുഴുവൻ തുകയും കരാറുകാരന് നൽകേണ്ടതാണ്. വിശദമായ പരിശോധന നടത്തി പ്രവൃത്തിയുടെ ഡിസൈൻ, ഡ്രോയിംഗ്സ്, വിശദമായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കൽ, അധികാര പരിധിക്ക് അനുസൃതമായ സാങ്കേതികാനുമതി നൽകൽ, ടെണ്ടർ നടപടികളുടെ പൂർത്തീകരണം, പ്രവൃത്തിയുടെ മേൽനോട്ടം, മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, ബില്ലുകൾ തയ്യാറാക്കൽ എന്നീ പ്രവൃത്തികൾക്കായി നിശ്ചിത നിരക്കിലുള്ള സെന്റേജ് ചാർജിനു മാത്രമേ പി.എം.സിയ്ക്കു അർഹതയുള്ളൂ. നോൺ-പി.എം.സി.അക്രഡിറ്റഡ് ഏജൻസികളെ മാത്രമേ ബാധകമായ ഷെഡ്യൂൾ ഓഫ് റേറ്റിനുള്ളിൽ നിന്നു കൊണ്ട് ടെണ്ടർ നടപടി കൂടാതെ നേരിട്ട് പ്രവൃത്തി ഏൽപ്പിക്കാൻ സാധിക്കുകയുള്ളൂ(ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾ). ഇവിടെ യുണൈറ്റഡ് ഇലക്ട്രിക്കൽസ്, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (PMC) ആയിരുന്നിട്ടും പ്രവൃത്തി

ടെണ്ടർ നടപടി കൂടാതെ നേരിട്ട് ടി ഏജൻസിയെ ഏൽപ്പിച്ചത് ക്രമപ്രകാരമല്ല. 1,30,000/-രൂപ ഒരു എൽ.ഇ.ഡി.മിനിമാസ്റ്റ് ലൈറ്റിന് സ്ഥാപനം നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം മൂല്യനിർണ്ണയം ക്ഷമതയുള്ള അധികാര സ്ഥാപനം മുഖേന നടത്താതെ സ്ഥാപനം ആവശ്യപ്പെട്ട തുക തന്നെ നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്.

സ.ഉ(അച്ചടി)നം.27/2017/ധന,തീ.26.02.2017 ഉത്തരവു പ്രകാരം ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുത്തതിനു ശേഷം അതാത് സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ മാസ്റ്റിന്റെ ഉയരം, ബൾബുകളുടെ എണ്ണം, ബൾബുകളുടെ കപ്പാസിറ്റി(വാട്ട്സ്) മുതലായവ തെരഞ്ഞെടുക്കാവൂ. മാസ്റ്റ്, എൽ.ഇ.ഡി.ബൾബുകൾ എന്നിവയ്ക്കായി സർക്കാർ തയ്യാറാക്കിയിട്ടുള്ള സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കിയാകണം അതാത് സ്ഥലങ്ങളിൽ ആവശ്യമായ രീതിയിലുള്ള ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ മാതൃക തയ്യാറാക്കേണ്ടത്. ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ നിലവിൽ തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.കൈക്കൊള്ളേണ്ടതാണ്. പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ 7 സ്ഥലങ്ങളിൽ സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളുടെ പോൾ ഉയരം 8 മീറ്ററാണ്. 150 വാട്ട്സിന്റെ 3 വീതം എൽ.ഇ.ഡി.ഫ്ളഡ് ലൈറ്റുകളാണ് എല്ലാ മിനിമാസ്റ്റിലും ഇട്ടിട്ടുള്ളത്. ഇതിൽ നിന്നും സ്ഥാപിക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതകളൊന്നും തന്നെ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് പരിഗണിച്ചിട്ടില്ല എന്നു വ്യക്തമാണ്. ഓഡിറ്റ് വർഷത്തിലും മുൻവർഷങ്ങളിലും മിനിമാസ്റ്റ് സ്ഥാപിച്ച പ്രദേശങ്ങളിലെ തെരുവ് വിളക്കുകൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.യുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡുമായി സെക്രട്ടറി 200/-രൂപയുടെ മുദ്രപ്പത്രത്തിൽ കരാർ വെച്ചിട്ടുണ്ടെങ്കിലും കരാറിൽ കരാർ നമ്പർ, തീയതി എന്നിവ ചേർത്തിട്ടില്ല. എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപനം സപ്ളൈ ചെയ്യുന്നതായാണ് കരാറിൽ കാണിച്ചിട്ടുള്ളത്. 7 എണ്ണം മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചും അവയുടെ തുടർന്നുള്ള പരിപാലനം സംബന്ധിച്ചും കരാറിൽ യാതൊന്നും പരാമർശിച്ചിട്ടില്ല. മിനിമാസ്റ്റുകൾക്ക് പകരം സ്ട്രീറ്റ് ലൈറ്റുകൾക്ക് സപ്ളൈ തീയതി മുതൽ 2 വർഷം ഗ്യാരന്റി നൽകുന്നതായാണ് കരാറിൽ കാണിച്ചിട്ടുള്ളത്. 9,10,000/-രൂപയ്ക്ക് ഒരു പർച്ചേസ് നടത്തിയിട്ട് നമ്പരും തീയതിയും ഇല്ലാതെയും വ്യവസ്ഥകൾ ഉൾപ്പെടുത്താതെയും കരാർ ചമച്ച് ആയതിൽ പരിശോധനകളൊന്നും കൂടാതെ ഒപ്പിട്ടത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചയാണ്.

പദ്ധതി നിർവ്വഹണത്തിലെ മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 13/27.02.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി, പി.എം.സി.മുഖേന ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്രവൃത്തി ചെയ്തതിനാലും പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കരാർ വെക്കാത്തതിനാലും പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം സർക്കാർ നിർദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമാണോ പ്രവൃത്തി ചെയ്തതെന്ന് പരിശോധിക്കാതെയും പ്രവൃത്തിയുടെ മൂല്യം നിർണ്ണയം നടത്താതെയും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ആവശ്യപ്പെട്ട തുക തന്നെ നൽകിയതിനാലും മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് ചെലവായ തുക 9,24,378/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-26 ആട് ഗ്രാമം പദ്ധതി - യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ളതിലും അധികം സബ്സിഡി നൽകി

പ്രോജക്ട് നം- 116/2022

അടങ്കൽ- 350000/- (Plan- G -175000 B.C -1,75,000)

ചെലവ് - 350000/- (ഗുണഭോക്തൃവിഹിതം ഉൾപ്പെടെ)

വൗച്ചർ നം- 831/2021-22 Rs.70,000/- C/o 28/02/2022 (പ്ലാൻ ഫണ്ട്)

ബിൽ നം- 863/2021-22 Rs.1,05,000/- C/o 19/03/2022 (പ്ലാൻ ഫണ്ട്)

നിർവ്വഹണം-വെറ്ററിനറി സർജൻ

എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ ആടുകളെ വിതരണം ചെയ്യുന്നതിന് നടപ്പിലാക്കിയ ആട് ഗ്രാമം പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും 1,75,000/- രൂപ സബ്സിഡി നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 25 ഗുണഭോക്താക്കൾക്ക് ആറ് മാസം പ്രായമുള്ള മലബാറി ഇനത്തിൽപ്പെട്ട രണ്ടാടിനെ വീതം നൽകിയിട്ടുണ്ട്. ഒരാടിന് 7000/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് അതിന്റെ 50% 3500/- രൂപ നിരക്കിൽ രണ്ടാടുകൾക്ക് 7000/- രൂപയാണ് സബ്സിഡി വിതരണം ചെയ്തത്. മാർഗ്ഗരേഖ പ്രകാരം ആറ് മാസം പ്രായമുള്ള രണ്ടാടുകൾക്ക് പരമാവധി 5000/- രൂപയാണ് സബ്സിഡി നൽകാവുന്നത്. വിശദവിവരങ്ങൾ ഭാഗം 3-4ൽ ചേർത്തിട്ടുണ്ട്.

## 1-27 ആർജിതാവധി പണമാക്കി മാറ്റിയത് അനുവദനീയമല്ല

കേരളത്തിലെ സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഓഫീസ് അറ്റൻഡന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരൊഴികെയുള്ള എല്ലാ വിഭാഗം

ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള അവകാശം 2021-22 സാമ്പത്തിക വർഷത്തിൽ താല്കാലികമായി മാറ്റിവെച്ചു കൊണ്ട് സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ജി.ഒ.(പി)നം. 160/2021/ഫിൻ., തീയതി 01/12/2021 പ്രകാരം, 01/12/2021 മുതൽ 31/03/2022 വരെയുള്ള കാലയളവിലേക്ക് ഇപ്രകാരം ആർജിതാവധി പണമാക്കി മാറ്റുന്നത് സർക്കാർ നിരോധിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽ ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്തു വരുന്ന ശ്രീമതി അഞ്ജുമോൾ ഇ.ആർ.ന് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന് വിരുദ്ധമായി 15 ദിവസത്തെ ആർജിതാവധി പണമാക്കി മാറ്റാൻ അനുവദിച്ചു കൊണ്ട് 15.3.22ലെ എ3/1050/22 നമ്പർ നടപടി ക്രമം പ്രകാരം സെക്രട്ടറി അനുമതി നൽകുകയും വൗച്ചർ നമ്പർ-22101211, തീയതി 23.03.22 പ്രകാരം 15498/- രൂപ ടി വ്യക്തി ആർജിതാവധി സറണ്ടർ ഇനത്തിൽ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 31.03.22 വരെ ആർജിതാവധി പണമാക്കി മാറ്റുന്നതിന് നിരോധനം നിലവിലുണ്ടായിരുന്നിട്ടും ടെക്നിക്കൽ അസിസ്റ്റന്റിന് ആർജിതാവധി സറണ്ടർ അനുവദിച്ചത് ക്രമവിരുദ്ധമായ നടപടി ആയതിനാൽ 15498/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 കോളനികളിൽ സ്ഥാപിക്കുന്നതിന് ബയോബിന്നുകൾ വാങ്ങിയത് ഉപയോഗിച്ചില്ല - പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ച്ചെലവ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 219/22 |
| പ്രൊജക്ടിന്റെ പേര് | കോളനികളിൽ ബയോബിൻ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് സർക്കിൾ |
| അടങ്കൽ | 1,50,000/-(സി.എഫ്.സി.ടൈഡ് ഗ്രാന്റ്)<br>3,50,000/-(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1,50,000/-(സി.എഫ്.സി.ടൈഡ് ഗ്രാന്റ്)-ബിൽ നമ്പർ – 956/31.3.22 |

ഗ്രാമപഞ്ചായത്തിലെ 3 കോളനികളിൽ ജൈവ മാലിന്യ സംസ്കരണത്തിനായി ഫൈബർ റീ ഇൻഫോഴ്സ്ഡ് പോളിമർ ബയോബിൻ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അതു വഴി മാലിന്യത്തെ വളമാക്കി മാറ്റി കോളനികളെ ശുചിത്വ കോളനികളാക്കാനും വേണ്ടി വി.ഇ.ഒ.നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്തതാണ് കോളനികളിൽ ബയോബിൻ സ്ഥാപിക്കൽ എന്ന പേരിലുള്ള 219/22 നമ്പർ പ്രൊജക്ട്. 3 യൂണിറ്റ് ബയോബിൻ സ്ഥാപിച്ചതിന് നോർത്താംപ്സ് ഇ.എൻ.വി. സൊല്യൂഷൻ, ഇരുമ്പനം എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം.897/26.3.22 പ്രകാരം സി.എഫ്.സി. ടൈഡ് ഗ്രാന്റിൽ നിന്നും 1,50,000/- രൂപ നൽകി. 1,60,514/-രൂപയാണ് ഇൻവോയ്സ് പ്രകാരമുള്ള ആകെ തുക. 10,514/-രൂപ 2022-23 സാമ്പത്തിക വർഷമാണ് നൽകിയത്. ഏതെല്ലാം കോളനികളിലാണ് ബയോബിൻ സ്ഥാപിച്ചിരിക്കുന്നതെന്ന് പ്രൊജക്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ടും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രൊജക്ട് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിലില്ല.

27.02.23 ന് ഓഡിറ്റ് ടീം പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഒരു യൂണിറ്റ് ബയോബിൻ(2എണ്ണം) കുവക്കാപ്പള്ളി കോളനിയിലും ഒരു യൂണിറ്റ് വട്ടപ്പാറ രാജീവ് ഗാന്ധി കോളനിയിലും സ്ഥാപിച്ചിരിക്കുന്നതായി കണ്ടെത്തി. 2022 മാർച്ച് മാസത്തിൽ ആണ് ഇവ സ്ഥാപിച്ചത്. എന്നാൽ രണ്ട് സ്ഥലത്തും ജൈവ മാലിന്യങ്ങളുടെ സംസ്കരണം നാളിതു വരെയായും നടത്തിയിട്ടില്ല എന്നു ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഒരു യൂണിറ്റ് ബയോബിൻ സെറ്റ് ചെയ്യാതെ വിവിധ ഭാഗങ്ങൾ പഴയ പഞ്ചായത്ത് ഓഫീസിന്റെ മുറ്റത്ത് ആക്രി സാധനങ്ങളുടെ ഒപ്പം ഇട്ടിരിക്കുന്നതായി കാണപ്പെട്ടു. മറ്റ് കോളനിക്കാർ ആരും ബയോബിന്നുകൾ സ്ഥാപിക്കാൻ അനുവദിക്കാത്തതിനാലാണ് ഒരു യൂണിറ്റ് ബയോബിൻ സെറ്റ് ചെയ്യാതെ പഴയ പഞ്ചായത്ത് ഓഫീസിന്റെ മുറ്റത്ത് ഇട്ടിരിക്കുന്നതെന്നാണ് വി.ഇ.ഒ. അറിയിച്ചത്. ആവശ്യകത തിട്ടപ്പെടുത്താതെ പദ്ധതിപ്പണം ചെലവഴിച്ചതു വഴി 50,000/- രൂപയുടെ ബയോബിൻ ഉപയോഗ ശൂന്യമായി അവശേഷിക്കുകയാണ് ചെയ്തത്. മറ്റ് രണ്ട് സ്ഥലങ്ങളിലും ബയോബിന്നുകൾ ഉപയോഗിക്കാനുള്ള യാതൊരു സംവിധാനവും നിർവ്വഹണോദ്യോഗസ്ഥനോ പഞ്ചായത്തോ ചെയ്തു കൊടുക്കാത്തതിനാൽ അവയും നിലവിൽ ഉപയോഗ ശൂന്യമായതായി കണക്കാക്കാം. ഇൻവോയ്സ് പ്രകാരം 10,514/-രൂപ ചെലവ് വന്നിരിക്കുന്നത് ഇനോക്കുലം മിക്സ്, Saw Dust, ഹാന്റ് ഫോർക്ക്, ഗ്ലൗസ്, സോപ്പ് തുടങ്ങിയ ബയോ ബിൻ മാലിന്യ സംസ്കരണത്തിന് ആവശ്യമായ അനുബന്ധ വസ്തുക്കളാണ്. ഇവ സൂക്ഷിച്ചിരിക്കുന്നത് പഴയ പഞ്ചായത്ത് ഓഫീസിൽ ആണെന്ന് വി.ഇ.ഒ.അറിയിച്ചെങ്കിലും ഭൗതിക പരിശോധനയിൽ ഇവയൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല. രണ്ട് യൂണിറ്റ് ബയോബിൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ മാലിന്യ സംസ്കരണത്തിന് ഉപയോഗിക്കുന്നതിനുള്ള നടപടിയൊന്നും സ്വീകരിക്കാത്തതിനാൽ ചെലവ് തുക 1,00,000/-രൂപ തടസപ്പെടുത്തുന്നു. പഴയ പഞ്ചായത്ത് ഓഫീസിന്റെ മുറ്റത്ത് ഉപയോഗ ശൂന്യമായി പല കഷ്ണങ്ങളായി ഇട്ടിരിക്കുന്ന ഒരു യൂണിറ്റ് ബയോബിന്നിന്റെ ചെലവ് പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. ആയതിനാൽ ഒരു യൂണിറ്റ് ബയോബിന്നിന്റെ ചെലവ് തുക 50,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഭാഗം 3 ൽ ഖണ്ഡിക 3-1 ആയി കൊടുത്തിട്ടുണ്ട്.

1-29 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം-229/22
നിർവ്വഹണം- കൃഷി ഓഫീസർ, ഗ്രാമപഞ്ചായത്ത്
ഓഡിറ്റ് എൻക്വയറി – നം-24/ 28-02-2023

2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതിക്കായി പദ്ധതി വിഹിതത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് തുക നൽകിയിട്ടുണ്ട്. തുക മുൻകൂർ കൈമാറിയെങ്കിലും തുക സ്ഥാപനം കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | സ്ഥാപനം | ബിൽ നം (T.R.N) | ചെലവ് |
|---|---|---|---|---|
| 229/22 | തോട്ടറ പുഞ്ച വികസനം | ബ്ലോക്ക് പഞ്ചായത്ത് | Rs.37733/- (TRN-21110600000009671 Dtd 27/03/22) Cheque No- 22101236 Dtd 27/03/22 Rs.91114/- (Vou 1077/03-22) Rs.371153/- CFC Grant | Rs.5,00,000/- (Vou.No.XVFC/ 2021-22/p-13 Dtd 29.03.22) |

ഈ പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും മാറിയ 3,71,153/- രൂപ കൃഷി ഓഫീസർ നേരിട്ട് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ് നൽകിയിട്ടുള്ളത്. സംയുക്ത പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് കൃഷി ഭവന് നേരിട്ട് ബന്ധമില്ലാത്ത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നിയമാനുസൃത കരാറോ മറ്റ് അനുബന്ധ രേഖകളോ ഇല്ലാതെ തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

1-30 ആംബുലൻസ് വാങ്ങിയത് ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

2021-22 വർഷം GeM മുഖേന മഹീന്ദ്ര & മഹീന്ദ്ര കമ്പനിയുടെ ഒരു ആംബുലൻസ് വാങ്ങിയിട്ടുണ്ട്(ചെക്ക് നമ്പർ-002635/6.10.21,തുക-5,97,084/-). KL39R 7472 രജിസ്ട്രേഷൻ നമ്പരിലുള്ള ആംബുലൻസ് ബി.പി.സി.എൽ, കൊച്ചി റിഫൈനറിയിൽ നിന്നും ലഭിച്ച സി.എസ്.ആർ.ഫണ്ടും മലബാർ ഗ്രൂപ്പ് ഓഫ് കമ്പനീസ്, പേപ്പതി എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച തുകയും ഉപയോഗിച്ച് വാങ്ങിയതാണ്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കോവിഡ്-19-സി.എഫ്.എൽ.ടി.സി-ആംബുലൻസ് വാങ്ങൽ എന്ന പേരിൽ 7,50,000/- രൂപ അടങ്കലിൽ 147/21-22 നമ്പർ പ്രൊജക്റ്റിന് (സ്പിൽ ഓവർ)ഡി.പി.സി.അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ആംബുലൻസ് വാങ്ങുന്നതിന് ചെലവഴിച്ച തുക ടി പ്രൊജക്റ്റിലെ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

ആംബുലൻസ് തൊട്ടൂർ പി.എച്ച്.സിയ്ക്ക് പാലിയേറ്റീവ് കെയറിനായി കൈമാറുന്നതിന് പഞ്ചായത്ത് കമ്മറ്റി 31.10.21, 27.11.21 തീയതികളിലെ യോഗങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ട്. അതിനു ശേഷം ആയുർവേദ ഡിസ്പെൻസറിക്ക് ആംബുലൻസ് കൈമാറുന്നതിനും പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പി.എച്ച്.സി, ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾ ആംബുലൻസ് കൈപ്പറ്റിയിട്ടില്ല. നിലവിൽ ആംബുലൻസ് ഉപയോഗിക്കാതെ തൊട്ടൂർ പി.എച്ച്.സി.യുടെ കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി ഓഡിറ്റ് ടീം 27.02.23ൽ നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടെത്തി. ആംബുലൻസ് ഉപയോഗിക്കാതെ സൂക്ഷിച്ചാൽ ആയതിന് കേടുപാടുകൾ സംഭവിക്കാൻ സാദ്ധ്യതയുണ്ട്. എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ചികിത്സ സംബന്ധമായി അടിയന്തിരാവശ്യം നിറവേറ്റുന്നതിനായി ആംബുലൻസ് ഉപയോഗ യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-31 മോഡുലാർ ടോയ്ലെറ്റ് സ്ഥാപിച്ചത്-പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്താതെ ഭീമമായ തുക നൽകി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 225/21-22 |
| പ്രൊജക്ടിന്റെ പേര് | ടേക്ക് എ ബ്രേക്ക്-മോഡുലാർ ടോയ്ലെറ്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 78,000/-(കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്)<br>1,82,000/-(കേന്ദ്രാവിഷ്കൃത ഫണ്ട്) |

| | |
|---|---|
| ചെലവ് | 78,000/-(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)-ബിൽ നമ്പർ-943/30.3.22 |

ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി മോഡുലാർ ടോയ്‌ലെറ്റ് സ്ഥാപിക്കുന്നതിന് 21.02.22ൽ ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ ലഭിച്ച മോഡേൺ ഡിസ്കോപ്പോളിസ് ലിമിറ്റഡ്, ആനക്കയം, മലപ്പുറം എന്ന സ്ഥാപനം ഊരകം എൽ.പി.സ്കൂൾ കോംപൗണ്ടിൽ ഒരു യൂണിറ്റ് മോഡുലാർ ടോയ്‌ലെറ്റ് സ്ഥാപിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
ടെണ്ടറിൽ മോഡുലാർ ടോയ്‌ലെറ്റിന്റെ അടങ്കൽ തുക കാണിച്ചിരിക്കുന്നത് 2,60,000/-രൂപയാണ്. ടോയ്‌ലെറ്റ് എത്ര എണ്ണമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിന്റെ സ്പെസിഫിക്കേഷനും നൽകിയിട്ടില്ല. ഒരു മോഡുലാർ ടോയ്‌ലെറ്റിന് 2,60,000/-രൂപ അടങ്കൽ നിശ്ചയിച്ചത് ഏതു നിരക്ക് അടിസ്ഥാനമാക്കിയാണെന്നും ആരാണെന്നും വ്യക്തമല്ല. മോഡേൺ ഡിസ്കോപ്പോളിസ് ലിമിറ്റഡ് 5% സെക്യൂരിറ്റി ഡിപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതായി കാണുന്നില്ല. ടെണ്ടർ അംഗീകരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർക്ക് സെക്രട്ടറി നൽകിയ എ2-303/2021, തീ. 16.03.2022 നമ്പർ കത്തിൽ, പഞ്ചായത്ത് കമ്മറ്റി ടെണ്ടർ അംഗീകരിച്ചതിനാൽ 200/-രൂപ മുദ്രപ്പത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടണമെന്ന് മാത്രമേ നിർദ്ദേശിച്ചിട്ടുള്ളൂ. സെക്യൂരിറ്റി ഡിപ്പോസിറ്റ് അടവാക്കാൻ ആവശ്യപ്പെട്ടിട്ടില്ല. ഇത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. സ്ഥാപനവും സെക്രട്ടറിയുമായി വെച്ച കരാറിൽ കരാർ നമ്പർ, തീയതി, വാറന്റി കാലയളവ് തുടങ്ങിയ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

അടങ്കൽ തുകയായ 2,60,000/- രൂപയുടെ 0.1% Below റേറ്റ് ആയ 2,59,740/-രൂപ ക്വാട്ട് ചെയ്താണ് മലബാർ ഡിസ്കോപ്പോളിസ് ടെണ്ടർ നേടിയത്.സ്ഥാപനത്തിന്റെ ജി.എസ്.ടി.ഇൻവോയ്സ് നമ്പർ-SER/008/21-22, തീ.28.03.22 പ്രകാരം Erection And Installation Service Of Modular Toilet (One Unit Of 4x4 With One Septic Tank And Water Tank )ന് 2,20,118.64/- രൂപയും 18% ജി.എസ്.ടി. 39621.36/- രൂപയും അടക്കം ആകെ 259740/-രൂപയാണ് മോഡുലാർ ടോയ്‌ലെറ്റിന് ചെലവ്. ഈ തുകയിൽ സി.എഫ്.സി.ഗ്രാന്റിൽ നിന്നും 21-22വർഷം 78,000/-രൂപ നൽകി. ഇൻവോയ്സ് തുക 2.5 ലക്ഷത്തിനു മുകളിൽ വരുന്ന സാഹചര്യത്തിൽ 2% ജി.എസ്.ടി. ടി.ഡി.എസ് ആയി ബില്ലിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. 2% ആദായ നികുതിയും ടി.ഡി.എസ്.ആയി ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. സ്ഥാപനത്തിന് ബാക്കി നൽകാനുള്ള തുകയായ 1,81,740/-രൂപ 2022-23 വർഷം പ്രൊജക്ട് നമ്പർ-68/22-23 പ്രകാരം സ്വച്ഛ് ഭാരത് മിഷൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

എൽ.എസ്.ജി.ഡി. അസി.എൻജിനീയർ മോഡുലാർ ടോയിലറ്റിന്റെ വാല്യുവേഷൻ എടുത്തതിനു ശേഷമാണ് സ്ഥാപനത്തിനു തുക നൽകേണ്ടിയിരുന്നത്. എന്നാൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തിയതായി കാണുന്നില്ല. 27.02.23ന് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ഊരകം സ്കൂളിന്റെ കോംപൗണ്ടിൽ നിലവിലുള്ള ടോയ്‌ലെറ്റുകളുടെ സമീപം നീല, മഞ്ഞ നിറങ്ങളിലുള്ള ചെറിയ ഒരു മോഡുലാർ ടോയ്‌ലെറ്റ് ഒരു യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നതായി കണ്ടു. മോഡുലാർ ക്യാബിനെറ്റിനുള്ളിൽ ഒരു ഇൻഡ്യൻ ക്ലോസറ്റ് മാത്രം സ്ഥാപിച്ചിട്ടുണ്ട്. മേൽക്കൂരയിൽ ഒരു പ്ലാസ്റ്റിക്ക് വാട്ടർ ടാങ്കും വെച്ചിട്ടുണ്ട്. സെപ്റ്റിക്ക് ടാങ്ക് അടക്കം ഇത്രയും ഒരു ചെറിയ സംവിധാനത്തിനാണ് 2,59,740/-രൂപ ചെലവു വന്നതായി കാണിച്ചിട്ടുള്ളത്. 2021-22 വർഷം അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥയായി ഏഴിപ്പുറം സെന്റ് മേരീസ് എൽ.പി.സ്കൂളിൽ ഒരു ടോയ്‌ലെറ്റ് നിർമ്മിച്ചതിന് (പ്രൊജക്ട് നം.290/21) മെഷർമെന്റ് ബുക്ക് പ്രകാരം (നം. 149/20-21,152/20-21)പ്രവൃത്തി മൂല്യം 1,27,516/- രൂപ മാത്രമേ ആയിട്ടുള്ളൂ. (ആകെ ചെലവ് നികുതിയടക്കം-1,42,818/-, എസ്റ്റിമേറ്റ് നിരക്ക് 1,43,000/-) 27.02.23ലെ ഭൗതിക പരിശോധനയിൽ സെന്റ് മേരീസ് എൽ.പി സ്കൂളിൽ സ്ഥാപിച്ച ടോയ്‌ലെറ്റിനുള്ളിൽ വാഷ് ബേസിൻ, ഹെൽത്ത് ഫോസറ്റ് അടക്കമുള്ള സൗകര്യം നൽകിയതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മോഡുലാർ ടോയ്‌ലെറ്റിൽ ഇവയൊന്നും സ്ഥാപിച്ചിട്ടുമില്ല. ഇവിടെ കൂടുതൽ സൗകര്യങ്ങളുള്ള ഒരു സ്ഥിരം നിർമ്മിതിക്ക് മോഡുലാർ ടോയ്‌ലറ്റിനേക്കാളും ഒരു ലക്ഷത്തിലധികം രൂപയുടെ ചെലവ് കുറവ് ആണ് വന്നിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇത്രയധികം തുക നൽകി മോഡുലാർ ടോയ്‌ലെറ്റ് സ്ഥാപിക്കുകയും വാല്യുവേഷൻ പോലുമില്ലാതെ തുക നൽകുകയും ചെയ്തത് ക്രമവിരുദ്ധമായ നടപടിയാണ്. ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിൽ വളരെ കുറച്ച് കുട്ടികൾ മാത്രം പഠിക്കുന്ന ടി സ്കൂളിൽ മുൻപ് ടോയ്‌ലെറ്റ് സൗകര്യത്തിന് യാതൊരു അപര്യാപ്തതയും ഉണ്ടായിരുന്നില്ല എന്നും സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്.



ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ കരാർ സപ്ലയറുമായി വെയ്ക്കാതിരുന്നതിനാലും ഒരു യൂണിറ്റ് മോഡുലാർ ടോയ്‌ലെറ്റിന്റെ അടങ്കൽ 2,60,000/-രൂപയായി നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കാത്തതിനാലും പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്താതെ ഭീമമായ തുക സ്ഥാപനത്തിന് നൽകിയതിനാലും മോഡുലാർ ടോയ്‌ലെറ്റിന് 2021-22 വർഷം ചെലവഴിച്ച തുകയായ 78,000/-രൂപ തടസപ്പെടുത്തുന്നു. മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ടുള്ള വിവിധ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 25/28.02.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

## 1-32 ലൈഫ് ഭവനപദ്ധതി --ആദ്യ ഗഡു തുക മാത്രം കൈപ്പറ്റി-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ബെനിഫിഷ്യറി രജിസ്റ്ററും 2021-22 വർഷത്തെ ബില്ലുകളും പരിശോധിച്ചതിൽ, ഗ്രാമ പഞ്ചായത്ത് 2021-22ൽ നടപ്പാക്കിയ പ്രൊജക്റ്റ് നമ്പർ- 02/2022-ലൈഫ് ഭവന പദ്ധതി -ജനറൽ, പ്രൊജക്റ്റ് നമ്പർ - 03/2022-ലൈഫ് ഭവന പദ്ധതി-പട്ടിക ജാതി വിഭാഗം എന്നീ പദ്ധതികളുടെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു തുക വാങ്ങിയതിന് ശേഷം നാളിതുവരെ തുടർന്നുള്ള ഗഡു തുകകൾ കൈപ്പറ്റിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ബിൽ/വൗച്ചർ നം. *തീയതി/*ഫണ്ട് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ഉഷ സുനിൽ, കിഴക്കെപ്പാടത്തറ, എടയ്ക്കാട്ടുവയൽ | 22100396/31.8.21(ലൈഫ്-സംസ്ഥാന വിഹിതം) | 40,000 |
| 2 | ഗീത കെ.കെ., ഇടിപ്പറ, പുതിയകാവ്,തൃപ്പൂണിത്തുറ | 22100731/18.11.21(ലൈഫ്-സംസ്ഥാന വിഹിതം) | 40,000 |
| 3 | ഗിരിജ W/0,ജോസഫ് ഫെർണാണ്ടസ് രമ്യ നിവാസ്, കണ്ണൻകുളങ്ങര, തൃപ്പൂണിത്തുറ | 74/16.8.21(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 40,000 |
| 4 | സൗമ്യ പ്രസാദ്, കൊട്ടാരപ്പറമ്പിൽ, എടയ്ക്കാട്ടുവയൽ | 75/16.8.21(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 40,000 |
| ആകെ | | | 1,60,000/- |

മേൽ വ്യക്തികളുമായി ബന്ധപ്പെട്ട് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇവർ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവർക്കും പെൻഷൻ നൽകുന്നു.

മരണറിപ്പോർട്ടുകൾ (2021-22) ആസ്പദമാക്കി എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാത്തതു മൂലം പെൻഷൻ അക്കൗണ്ടുകളിലേക്ക് നിലവിലും തുകകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതായി സ്റ്റാറ്റസ് കാണിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ഇവ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

അനർഹമായ കാലയളവിൽ വിതരണം ചെയ്യപ്പെട്ട തുകകൾ DBT സെല്ലിലേക്ക്

തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ സ്റ്റാറ്റസിൽ രേഖപ്പെടുത്തി രേഖകൾ സഹിതം (UTR No) ലഭ്യമാക്കേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കളുടെ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ- 001101023000269 ഐ.എഫ്.എസ് കോഡ്- KSBK0000101.

.

A. ആക്റ്റീവായി തുടരുന്ന പെൻഷനുകൾ ( കർഷക തൊഴിലാളി പെൻഷൻ)

| ക്രമ നം. | പേര്, പെൻഷൻ | ആധാർ നം. | മരണപ്പെട്ട തീയതി | തുക, ബാങ്ക് | അനർഹമായ കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അയ്യപ്പൻ പി.കെ | 470246276620 | 17.10.21 | 20,800/- വിജയാ ബാങ്ക് | 11/21 To 11/22 | തുക അക്കൗണ്ടിൽ നിക്ഷേപിച്ച |
| 2 | ദേവകി വാവ | 557368616404 | 16.12.21 | 17,600/- Bank Of Baroda | 01/22 To 11/22 | ” |
| വാർദ്ധക്യകാല പെൻഷൻ | | | | | | |
| 3 | ഭവാനി | 444498641799 | 14.10.21 | 20,800/- Bank Of Baroda | 11/21 To 11/22 | ” |
| 4 | വി.പി. പ്രഭാകരൻ | 984018604389 | 19.08.21 | 24,000/- SBI | 09/21 To 11/22 | ” |
| | ആകെ | | | 83,200/- | | |

B.മരണപ്പെടുന്നവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ സംബന്ധിച്ച സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 ലെ ക്രമ നം (1) പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം പത്താം തീയതിക്കുമുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച്, മരണപ്പെട്ട അനർഹരായ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടതും മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ താമസക്കാരുമായ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ, നിലവിലും ആക്റ്റീവ് ആയി തുടരുന്നതായി കാണുന്നു.

| ക്രമ നം. | പേര് , ആധാർ നം. | മരണപ്പെട്ട തീയതി, Reg. No. /തീയതി | പെൻഷൻനൽകുന്ന തദ്ദേശ സ്ഥാപനത്തിന്റെ പേര് | അനർഹമായ കാലയളവിലെ തുക/ ബാങ്ക് | റിമാർക്സ് |
|---|---|---|---|---|---|
| 1 | മറിയക്കുട്ടി ലൂയിസ് 278877572030 | 29.07.21 / 95/21 -27.08.21 | വിധവ പെൻഷൻ ആക്റ്റീവ്, കൊച്ചിൻ കോർപറേഷൻ | 09/21 To 11/22 24,000/- | SBI അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 2 | പരമേശ്വരൻ നായർ കെ. ഐ. 273375162328 | 25.08.21/107/21-13.09.21 | വാർദ്ധക്യകാല പെൻഷൻ (Active), പിറവം മുനിസിപ്പാലിറ്റി | - | - |
| 3 | വി.കെ. കുമാരൻ 239386607371 | 05.10.21/135/21 – 16.10.21 | വാർദ്ധക്യകാല പെൻഷൻ (Active), കൂത്താട്ടുകുളം മുനിസിപ്പാലിറ്റി | - | ടോഡി വർക്കേഴ്സ് ക്ഷേമനിധി പെൻഷൻ (Active) |

മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

.

C. ഗുണഭോക്താവിനു കൈമാറാൻ സാധിക്കാത്ത തുകകൾ

ഗുണഭോക്താവ് മരണപ്പെട്ട പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാൻ കാലതാമസം വന്നതിനാൽ, ഗുണഭോക്താവിന്റെ മരണശേഷവും പെൻഷൻ വിതരണത്തിനായി തുക ബാങ്കിനു കൈമാറിയിട്ടുണ്ട്. എന്നാൽ ഇവയിൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്ന് സേവന സോഫ്റ്റ് വെയർ പ്രകാരം സ്റ്റാറ്റസ് കാണിക്കുന്നുണ്ട്. ടി തുകകൾ ഡി.ബി.റ്റി. സെല്ലിലേക്ക്

തിരിച്ചടവാക്കിയെങ്കിൽ വിവരം സ്റ്ററാറ്റസിൽ രേഖപ്പെടുത്തേണ്ടതാണ്. പെൻഷൻ അക്കൗണ്ടുകൾ ഗ്രമപഞ്ചായത്ത്, സസ്പെന്റ് ചെയ്തു എങ്കിലും ഇവയിലെ സ്റ്റാറ്റസ് പ്രകാരം കൈമാറാൻ സാധിച്ചിട്ടില്ലാത്ത തുക നിലവിലും സഹകരണബാങ്കിന്റെ കൈവശത്തിലാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| | കർഷക തൊഴിലാളി പെൻഷൻ | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | പേര് / Reg No. , Date | ആധാർ നം. | മരണപ്പെട്ട തീയതി/ സസ്പെൻറ് ചെയ്ത തീയതി | തുക/ ബാങ്ക് | കൈമാറാൻ സാധിക്കാത്ത കാലയളവ് | സ്റ്റാറ്റസ് |
| 1 | എം. ജെ. ചാക്കോ 163/21- 15.12.21 | 271662422193 | 04.12.21 – 17.06.22 | 11,200/- DTH ( Direct To Home) | 11/21 To 5/22 | തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 2 | അയ്യപ്പൻ 158/21 – 10.12.21 | 594220776255 | 24.11.21 -17.06.22 | 11,200/-DTH | 11/21 To 5/22 | " |
| 3 | ഗോപാലൻ 157/21 – 03.12.21 | 202228894301 | 26.11.21 -17.06.22 | 11,200/-DTH | 11/21 To 5/22 | " |
| | (50 വയസ് കഴിഞ്ഞ അവിവാഹിത പെൻഷൻ) | | | | | |
| 4 | ദേവകി 153/21 – 27.11.21 | 321782147892 | 02.11.21- 17.06.22 | 11,200/-DTH | 11/21 To 5/22 | " |
| | ഡിസെബിലിറ്റി പെൻഷൻ | | | | | |
| 5 | പി.വി. പൗലോസ് 150/21- 27.11.21 | 469277421243 | 27.10.21 -30.12.22 | 19,200/- Canara Banak | 12/21 To 11/22 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല |
| | വാർദ്ധക്യകാല പെൻഷൻ | | | | | |
| 6 | പി.വി. ജോസ് 149/21 -27.11.21 | 327343400966 | 29.10.21- 30.12.22 | 19,200/- Canara Banak | 12/21 To 11/22 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല |
| | ആകെ | | | 83,200/- | | |

ഗുണഭോക്താവിന് കൈമാറാൻ സാധിച്ചിട്ടില്ലാത്ത ടി തുകകൾ സർക്കാർ നിർദേശ പ്രകാരം തിരിച്ചടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു. തിരിച്ചടവാക്കിയെങ്കിൽ വിവരം സ്റ്റാറ്റസിൽ രേഖപ്പെടുത്തി ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.
ഗുണഭോക്താക്കളുടെ മരണം രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനു ശേഷമാണ് പലതിലും പെൻഷൻ സസ്പെന്റ് ചെയ്തിരിക്കുന്നത് എന്നതിനാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ മരണ രജിസ്ട്രേഷൻ, പെൻഷൻ വിതരണം എന്നിവ തമ്മിൽ ബന്ധപ്പെടുത്തി കാര്യക്ഷമമായ രീതിയിൽ തുടർനടപടികൾ ഏകോപിപ്പിക്കുന്നില്ല എന്ന് വ്യക്തമാകുന്നു.

ആയതിനാൽ മരണപ്പെടുന്നവരുടെ പെൻഷൻ വിതരണം സസ്പെന്റ് ചെയ്യുന്നതിനും അനർഹമായ കാലയളവിൽ വിതരണം ചെയ്യപ്പെട്ട തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കുന്നതിനും ഓഫീസ് ഓർഡർ വഴി നിർദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുവാൻ താല്പര്യപ്പെടുന്നു. ഇല്ല എങ്കിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഫീസ് ഓർഡർ വഴി നിർദേശം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

D. ആക്ടീവായി തുടരുന്ന ക്ഷേമനിധി പെൻഷനുകൾ

| ക്രമ നം. | പേര് / Reg No., Date | ആധാർ നം. | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | എം.കെ.ഏലിയാസ് 152/21-27.11.21 | 806965455776 | 13.11.21 | Kerala Dairy Farmers Welfare Fund Board Pension ( Active) |
| 2 | അയ്യപ്പൻ 158/21 - 10.12.21 | 594220776255 | 24.11.21 | Kerala Dairy Farmers Welfare Fund Board Pension ( Active) |

മരണം രജിസ്റ്റർ ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ, ബന്ധപ്പെട്ട ക്ഷേമനിധി ഓഫീസിനെ വിവരം അറിയിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

1-34 പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള പ്രൊജക്ട് നമ്പർ 262/22 പ്രകാരം, കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് വാർഡ് 3 ൽ എടയ്ക്കാട്ടുവയൽ ജംഗ്ഷൻ മുതൽ മൃഗാശുപത്രി വരെ ശുദ്ധജലം എത്തിക്കുന്നതിനായി 90mm പി.വി.സി.പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 14,59,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അടവാക്കുവാൻ 01.12.21 ലെ എ3-39482/2021 നമ്പർ കത്ത് മുഖേന വാട്ടർ അതോറിറ്റി മൂവാറ്റുപുഴ പി.എച്ച്.ഡിവിഷൻ എക്സി.എൻജിനീയർ ആവശ്യപ്പെട്ടിരിന്നുവെങ്കിലും തുക അടവാക്കിയില്ല. എസ്റ്റിമേറ്റ് പ്രകാരം, 330 മീറ്റർ ദൂരം പി.വി.സി.പൈപ്പ് സ്ഥാപിക്കുന്നതിന് സെന്റേജ് ചാർജ്ജും റോഡ് റിസ്റ്റോറേഷൻ ചാർജ്ജും അടക്കമുള്ള തുകയാണ് 14,59,000/- രൂപ. 2021-22 വർഷം രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആകെ 15,18,500/-രൂപ മാത്രമാണ് കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായി പഞ്ചായത്ത് വകയിരുത്തിയിരിക്കുന്നത് എന്നതിനാലും രൂക്ഷമായ കുടിവെള്ള ക്ഷാമം തുടങ്ങാൻ പോകുന്ന സന്ദർഭത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കാതിരിക്കുന്നത് ഏറെ വിഷമകരമാകും എന്നതിനാലും റോഡ് റിസ്റ്റോറേഷൻ ചാർജ്ജും സെന്റേജ് ചാർജ്ജും ഒഴിവാക്കി ടി പ്രവത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുന്നതിന് 10.12.21 ലെ പഞ്ചായത്ത് കമ്മറ്റി 1/4 നമ്പരായി തീരുമാനം എടുത്തു.

എന്നാൽ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു പ്രൊജക്ട് നമ്പർ 262/22 പ്രകാരം 21-22 വർഷം 15,18,500/-രൂപ മാത്രമേ പഞ്ചായത്ത് വകയിരുത്തിയിട്ടുള്ളുവെങ്കിലും വാട്ടർ അതോറിറ്റി വിവിധ പ്രവൃത്തികൾക്ക് ആകെ 21,70,000/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയതിനാൽ 2019-20 വർഷം മറ്റൊരു പ്രവൃത്തിയ്ക്കായി പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്ത 5,10,000/-രൂപ കൂടി ഉൾപ്പെടുത്തി (ടി പ്രവൃത്തി ആരംഭിക്കാത്തതിനാൽ) 20,28,000/-രൂപ അടവാക്കാൻ അനുവദിക്കണമെന്നും ബാക്കി തുക പിന്നീട് അടവാക്കുന്നതാണെന്നും കാണിച്ച കൊണ്ടാണ് 15.01.22 ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയത്. കത്തിന് നമ്പർ ഇട്ടിട്ടില്ല. കമ്മറ്റി തീരുമാനിച്ചതു പ്രകാരം റോഡ് റിസ്റ്റോറേഷൻ ചാർജ്ജും സെന്റേജ് ചാർജ്ജും ഒഴിവാക്കി നൽകാൻ ടി കത്തിൽ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടില്ല.

ഇതിനിടെ പ്രൊജക്ടിൽ ആകെ വകയിരുത്തിയ 15,18,500/-രൂപയിൽ 7,63,000/- രൂപ സി.എഫ്.സി.ടൈഡ് ഗ്രാന്റിൽ നിന്നും 28.02.22 ൽ പഞ്ചായത്ത് അടവാക്കി(ബിൽ നമ്പർ-834/28.02.22). ബാക്കി പ്രൊജക്ടിൽ 7,55,500/- മാത്രമേ അവശേഷിക്കുന്നുള്ളൂ എന്നതിനാൽ ടി തുകയിൽ അധികരിക്കാതെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുകയും പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട ദൂരം 330ൽ നിന്നും 132 മീറ്ററായി കുറച്ച കൊണ്ട് 7,55,500/-രൂപയിൽ ലിമിറ്റ് ചെയ്തു കൊണ്ടുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകുകയും സി.എഫ്.സി.ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് ബിൽ നമ്പർ-908/25.3.22പ്രകാരം തുക അടവാക്കുകയും ചെയ്തു.

കമ്മറ്റി തീരുമാനം പ്രകാരം റോഡ് റിസ്റ്റോറേഷൻ ചാർജ്ജും സെന്റേജ് ചാർജ്ജും ഒഴിവാക്കി നൽകാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടില്ല. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട ദൂരം യഥാർത്ഥ എസ്റ്റിമേറ്റിലെ ദൂരത്തിന്റെ പകുതിയിലും താഴെ ദൂരമായി കുറച്ച കൊണ്ട് പ്രൊജക്ടിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന 7,55,500/-രൂപയിൽ പരിമിതപ്പെടുത്തിഎസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങി തുക അടവാക്കിയതിലൂടെ എത്രയും വേഗം രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുക എന്നുള്ള പ്രൊജക്ട് ലക്ഷ്യം നേടിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. മൃഗാശുപത്രിയിൽ വാട്ടർ കണക്ഷൻ നിലവിലുള്ളതുമാണ്.

രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 262/22 നമ്പർ പ്രൊജക്ടിൽ ഉൾപ്പെടുത്തി 7,63,000/-രൂപ അടവാക്കിയത് ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കായാണ്. ടി പ്രവൃത്തികളും പൂർത്തീകരിച്ച് രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുക എന്നുള്ള പ്രൊജക്ട് ലക്ഷ്യം നേടിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. വാട്ടർ അതോറിറ്റിയിൽ നിന്നും ഫൈനൽ ബില്ലിന്റെ പകർപ്പും പൂർത്തീകരണ സാക്ഷ്യപത്രവും ലഭിച്ചിട്ടുണ്ടോയെന്ന് അറിയിച്ചില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടവാക്കിയ തുക |
|---|---|---|
| 1 | തിരുമറയൂർ വലിയ പുനത്തിൽ പള്ളി ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ | 52,000/- |
| 2 | തച്ചുകുഴിപ്പടി പാറക്കുളങ്ങര റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 4,55,000/- |
| 3 | സൗഖ്യ സദൻ കട്ടിമുട്ടം പാടം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 2,56,000/- |

പ്രൊജക്ടിൽ ഉൾപ്പെടുത്തി 4 പ്രവൃത്തികൾക്ക് മുൻകൂറായി 15,18,500/-രൂപ അടവാക്കിയത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധിയും മറ്റു വിവരങ്ങളും ഉൾപ്പെടുത്തി വാട്ടർ അതോറിറ്റിയുമായി കരാർ വെയ്ക്കാതെയാണ്. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ജൽ ജീവൻ മിഷൻ വഴി പഞ്ചായത്ത് പ്രദേശങ്ങളിലെ മുഴവൻ വീടുകളിലും ശുദ്ധജലം എത്തിക്കുന്ന പ്രവൃത്തി വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ പുതിയതായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കുന്നതിന്റെ കാരണം എന്താണെന്നും അറിയിക്കേണ്ടതാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എത്ര തുക ചെലവു വരുമെന്നുള്ളത് വാട്ടർ അതോറിറ്റി നൽകുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ കണക്കാക്കാൻ സാധിക്കു എന്നിരിക്കെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കുക എന്നുള്ള ഉദ്ദേശ്യത്തോടു കൂടി മാത്രം മുൻകൂട്ടി ഒരു തുക അടങ്കൽ നിശ്ചയിച്ച് പ്രൊജക്ട് വിഭാവനം ചെയ്യുകയും അടങ്കലിൽ പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങി തുക അടവാക്കുകയും ചെയ്യുന്നത് പ്രവൃത്തി പൂർത്തീകരിക്കാതെ പദ്ധതിപ്പണം പാഴാകുന്നതിന് ഇടയാക്കുകയാണ് ചെയ്യുന്നത്. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി ഫൈനൽ ബില്ലിന്റെ പകർപ്പും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതു വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ 2021-22വർഷം നിക്ഷേപിച്ച തുകയായ 15,18,500/-രൂപ തടസപ്പെടുത്തുന്നു. അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 15/27.02.23നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

### 1-35 മെഡിക്കൽ ഓഫീസർ, പി.എച്.സി. തൊട്ടൂർ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, പി.എച്.സി./സി.എച്.സി. തൊട്ടൂർ നടപ്പിലാക്കിയ പ്രോജക്ട് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഡയാലിസിസ് - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ |
| പ്രോജക്ട് നമ്പർ | 276/21-22 |
| അടങ്കൽ | 41,500/- (Dev. Gen) |
| ചെലവ് | 41,500/- |
| ബിൽ നം./തീയതി | 882/22.03.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്.സി. തൊട്ടൂർ |

മേൽ പ്രോജക്ടിനായി ചെലവഴിച്ച 41,500/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല. ആയത് ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/ 28.02.23) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 41,500/- രൂപ തടസപ്പെടുത്തുന്നു.

### 1-36 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ആരക്കുന്നം- പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി. ആരക്കുന്നം – മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | 84/21-22 |
| അടങ്കൽ | 2,50,000/- |

| | |
|---|---|
| ചെലവ് | 2,50,000/- |
| ബിൽ നം./തീയതി,തുക | 26/29.06.21 –50038.00<br>114/24.09.21-49946.00<br>201/21.12.21-48098.00<br>245/05.02.22-41940.00<br>859/18.03.22-59978.00 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്.സി. ആരക്കുന്നം |

മരുന്ന് വാങ്ങലിനായി മെഡിക്കൽ ഓഫീസർ, പി.എച്.സി./സി.എച്.സി. ആരക്കുന്നം നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ 1,50,016/-രൂപയുടെ മരുന്നുകൾ മാത്രമാണ് ഫയൽ രേഖകൾ പ്രകാരം ലഭ്യമായിട്ടുള്ളത്.

ലഭ്യമാക്കിയ മരുന്നുബില്ലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. , തീയതി | തുക |
|---|---|---|
| 1 | 21125-11/11/21 | 23675.00 |
| 2 | 21123-16.11.21 | 19486.50 |
| 3 | 21124-18.11.21 | 4936.58 |
| 4 | 21152-03.01.22 | 13980.00 |
| 5 | 21153-06.01.22 | 13980.00 |
| 6 | 21151-30.12.21 | 13979.50 |
| 7 | 21173-02.02.22 | 14112.00 |
| 8 | 21174-07.02.22 | 11200.00 |
| 9 | 21175-11.02.22 | 13450.50 |
| 10 | 21176-16.02.22 | 9609.74 |
| 11 | 21185-18.02.22 | 11606.20 |
| | ആകെ | 1,50,016.02 |

ബാക്കി 99,984/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയവയുടെ രേഖകൾ (ഒറിജിനൽ ബിൽ), മരുന്നുകളുടെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/ 28.02.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ രേഖകൾ ലഭ്യമാക്കുന്നതുവരെ 99,984/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-37 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നത് സംബന്ധിച്ച്

2021-22 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്ട് നം.20/22, പ്രൊജക്ട് നം.124/22എന്നിവ പ്രകാരം പൊതു വിഭാഗം വികസന ഫണ്ട്, സി.എഫ്.സി.ഗ്രാന്റ് എന്നിവ ചെലവഴിച്ച് 713 എണ്ണം 15 വാട്ട്സ് എൽ.ഇ.ഡി.തെരുവ് വിളക്കുകൾ വാങ്ങി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 2019-20 വർഷം, 397എണ്ണം 18 വാട്ട്സ് എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റുകളും 2020-21 വർഷം 657 എണ്ണം 15 വാട്ട്സ് എൽ.ഇ.ഡി.ലൈറ്റുകളും പഞ്ചായത്തിലെ 14 വാർഡുകളിലും സ്ഥാപിച്ചിട്ടുണ്ട്. മറ്റിനങ്ങളിലുള്ള ലൈറ്റുകൾ മാറ്റിയാണ് ആ സ്ഥാനത്ത് വിവിധ വാട്ട്സിലുള്ള എൽ.ഇ.ഡി.തെരുവ് വിളക്കുകൾ വാങ്ങി പഞ്ചായത്ത് സ്ഥാപിച്ചത്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2021-22 വർഷം പ്രതിമാസം 52,211/-രൂപ വീതമാണ് തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുള്ളത് (കൺസ്യൂമർ നമ്പർ-1155538000052). LT-8A താരിഫിലുള്ള അൺമീറ്റേർഡ് സ്ട്രീറ്റ് ലൈറ്റുകൾക്കാണ് പഞ്ചായത്ത് തുക അടവാക്കുന്നത്. 2019-20, 2020-21, 2021-22 വർഷങ്ങളിലായി പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ഉപഭോഗം വളരെ കുറവായ നിരവധി എണ്ണം എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ചത് കെ.എസ്.ഇ.ബി.യുടെ ശ്രദ്ധയിൽപ്പെടുത്തി അൺ-മീറ്റേർഡ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിൽ കുറവു വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. നിലവിൽ ഏതെല്ലാം ഇനത്തിലുള്ള എത്രയെണ്ണം ലൈറ്റുകൾ വീതമാണ് കെ.എസ്.ഇ.ബി.വൈദ്യുതി ചാർജ് കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളതെന്ന് പരിശോധിക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച താരിഫ് കാർഡ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയുള്ള ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും ഇതിനാവശ്യമായ തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കേണ്ടതാണെന്നും സർക്കുലർ നമ്പർ-65529/ഡി.സി.3/12/ത.സ്വ.ഭ.വ.,തീയതി.12.3.2013 ൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് നാളിതുവരെയായും തെരുവ് വിളക്കുകൾക്ക് മീറ്റർ

സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

കെ.എസ്.ഇ.ബി.യിൽ നിന്നും താരിഫ് കാർഡ് ലഭ്യമാക്കി പരിശോധിക്കേണ്ടതും താരിഫ് കാർഡ് പ്രകാരം, താരതമ്യേന ഉയർന്ന വൈദ്യുതി ചാർജ് ഉള്ള ഓർഡിനറി ബൾബുകൾ, ഫ്ളൂറസന്റ് ട്യൂബ് ലൈറ്റുകൾ, സിഎഫ്.എൽ ലാംപുകൾ എന്നിവയുടെ താരിഫിലാണ് നിലവിൽ കെ.എസ്.ഇ.ബി. പ്രതിമാസം വൈദ്യുതി ചാർജ് ഈടാക്കുന്നതെങ്കിൽ കെ.എസ്.ഇ.ബി അധികാരികളുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി വ്യത്യസ്ത വാട്ട്സിലുള്ള എൽ.ഇ. ഡി.ലാംപുകളുടെ എണ്ണം തിട്ടപ്പെടുത്തി എൽ.ഇ.ഡി.ലാംപുകളുടെ താരിഫിലുള്ള വൈദ്യുതി ചാർജ് മാത്രം കെ.എസ്.ഇ. ബി.തുടർന്ന് ഡിമാൻറ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാർ നിർദേശിച്ചതു പ്രകാരം തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമേ തുക അടവാക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ 28/28.02.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

## 1-38 സാക്ഷരത പ്രേരകിന് നൽകിയ ഹോണറേറിയം സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ സാക്ഷരത പ്രേരകായ ബേബി സി.സി.യ്ക്ക് വൗച്ചർ നമ്പർ 22100028/12.4.21 പ്രകാരം 8280/-രൂപയും വൗച്ചർ നമ്പർ -221000109/18.5.21 പ്രകാരം 9000/- രൂപയും തനത് ഫണ്ടിൽ നിന്നും ഹോണറേറിയം ഇനത്തിൽ നൽകി.സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിലെ ഫണ്ട് അപര്യാപ്തത മൂലം സ.ഉ.(സാധാ)നം.626/2021/ത.സ്വ.ഭ.വ., തീയതി 26.02.2021 ലെ നിർദേശ പ്രകാരമാണ് സാക്ഷരത മിഷന് ഫണ്ട് ലഭ്യമാകുമ്പോൾ തുക തിരികെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത്. 17280/-രൂപ സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സാക്ഷരത പ്രേരകിന് നൽകിയ ഹോണറേറിയം സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 16/27.02.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

## 1-39 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2021-22 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം ഇനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ 17/27.02.23 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | തുക കൈമാറിയ സ്ഥാപനം | ബിൽ /ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|---|---|
| 1 | 226/22 | സ്ട്രെൻങ്ത്തനിംഗ് ഓഫ് ഏർലി ഇൻവെൻഷൻ സെന്റർ | 20,000/- | 20,000/- | ജില്ല പഞ്ചായത്ത് | 6145003/15.02.22 |
| 2 | 220/22 | കുട്ടികൾക്കായുള്ള ജില്ല വെബ് പോർട്ടൽ | 12500/- | 12500/- | ജില്ല പഞ്ചായത്ത് | 6145018/16.3.22 |
| 3 | 18/22 | ഐ.കെ.എം. വിഹിതം നൽകൽ | 50,000/- | 50,000/- | ഇൻഫർമേഷൻ കേരള മിഷൻ | 112/18.9.21 |

ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 82500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-40 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ വർക്കുകൾക്ക് ജി.എസ്.ടി.ഈടാക്കേണ്ടതാണ്.

2021-22 വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനായി ശ്രീ.എം.എൻ.രാജു (മാവളുത്തുകുഴിയിൽ, പെരുവ പി.ഒ.)എന്നയാളെയാണ് ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്തത്. ടിയാളിൽ നിന്നുമാണ് വിവിധ വർക്കുകൾക്ക് മെറ്റീരിയൽസ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഫയൽ

പരിശോധനയിൽ കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ താഴെ പറയുന്ന മെറ്റീരിയൽ വർക്കുകൾക്ക് ബില്ലിൽ നിന്നും നിയമാനുസൃതം (സർക്കുലർ നം. 957/ഇ ജി എസ്/1ആർ ഇ ജി എസ് തീയതി 30.07.2019) ടി.ഡി.എസ് ആയി കുറവ് ചെയ്യേണ്ട ജി.എസ്.ടി (250000/- ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്,) രേഖപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമനം. | പ്രവർത്തിയുടെ വിവരം. | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) |
|---|---|---|---|
| 1) | ചെറുകുന്ന്-കല്ലുംപറമ്പ് റോഡ് കോൺക്രീറ്റിങ്ങ് &സൈഡ് പ്രൊട്ടക്ഷൻ(വാർഡ് -12) | 641875 | 12837 |
| 2) | കൊല്ലം നിരപ്പ്-കിടങ്ങാട്ടിൽ താഴം റോഡ് കോൺക്രീറ്റിങ്ങ്(വാർഡ്-14) | 467104 | 9342 |
| 3) | എസ്.എൻ.ഡി.പി.ആലയ്ക്കാപ്പിള്ളിൽ റോഡ് കോൺക്രീറ്റ്(വാർഡ്-14) | 350194 | 7003 |
| | ആകെ | 1459173/- | 29182/- |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/27.2.23) ലഭ്യമാക്കിയ മറുപടിയിൽ ടി തുക മുഴുവനായും വെണ്ടർക്ക് ലഭിക്കാത്തത് കൊണ്ടാണ് എന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ജി.എസ്.ടി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള ജി.എസ്.ടി. കരാറുകാരനിൽ നിന്നും ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-41 ടേക്ക് എ ബ്രേക്ക് പൊതുശൗചാലയ നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | So 277/21 |
| പ്രോജക്ടിന്റെ പേര് | ടേക്ക് എ ബ്രേക്ക് പൊതുശൗചാലയ നിർമ്മാണം |
| അടങ്കൽ | 153100/- (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) (കേന്ദ്ര.ധന.ക.ഗ്രാന്റ്) |
| ചെലവ് | 26123/- |
| ബിൽ നം.&തീയതി | 1)24450/-, 398/30-3-21.<br>2)1673/-, 266/11-2-22. |
| കരാറുകാരൻ | ശ്രീ.ബിജുകുമാർ സി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ പാർപ്പകോട് ജംഗ്ഷനിൽ നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് ഒരു ടോയ്‌ലെറ്റ്, ഫീഡിങ്ങ് റൂം, വാഷ് ബെയ്സിൻ, സാനിട്ടറി നാപ്കിൻ ഇൻസിനേറ്റർ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് ആണ് ഇത്. എന്നാൽ ഓഡിറ്റ് ടീമും പഞ്ചായത്തിലെ ഓവർസീയറും ചേർന്ന്(27-2-23 തീയതി. 3 Pm) നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.




*(ടോയ്‌ലെറ്റിനോട് ചേർന്നുള്ള ഫീഡിങ്ങ് റൂമിൽ സ്ഥാപിച്ചിരിക്കുന്ന സാനിട്ടറി നാപ്കിൻ ഇൻസിനേറ്ററിന്റെ ചിത്രം)*

1) ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പിൻ വശത്ത് പണിതിരിക്കുന്ന ഈ ടോയ്‌ലെറ്റിലേക്ക് തറ നിരപ്പിൽ നിന്നും താഴോട്ട് വളരെ ഇടുങ്ങിയ ഒരു പാസ്സേജാണ് ഉള്ളത്. ബോർഡ് സ്ഥാപിച്ചിട്ടില്ല. ആയതിനാൽ ഇത് പൊതു ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല.

2)കറന്റ്, വാട്ടർ കണക്ഷൻ എന്നിവ എന്നിവ സജ്ജമാക്കി പ്രവർത്തനക്ഷമമാക്കിയിട്ടില്ല
3)വാതിൽ ഇളക്കി മാറ്റി ഭിത്തിയിൽ ചാരിവെച്ചിരിക്കുന്നു.

4)ഫീഡിങ്ങ് റൂം ആയി പണിതിരിക്കുന്ന റൂമിൽ കുട്ടികൾ കളിക്കുന്ന ഉപകരണങ്ങൾ കൂട്ടിയിട്ടിരിക്കുന്നു.

5)സാനിട്ടറി നാപ്കിൻ ഇൻസിനേറ്റർ മാത്രം സ്ഥാപിച്ചിരിക്കുന്നു. അനുബന്ധ ഉപകരണങ്ങൾ (എക്സ്ഹോസ്റ്റ് പൈപ്പ് മുതലായവ) ഒന്നും ഇല്ല, (എം.ബുക്ക് നം.139/20-21 Page No.30, Item No.33 21487/-രൂപ സാനിട്ടറി നാപ്കിൻ ഇൻസിനേറ്ററിന് മാത്രം നല്കിയിട്ടുണ്ട്.) ഇതിന്റെ വാറന്റി പിരീഡ് സംബന്ധിച്ചുള്ള വിവരങ്ങൾ ഒന്നും ലഭ്യമല്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/28.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുബന്ധ ഉപകരണങ്ങൾ

സ്ഥാപിക്കാതെയും നാളിതുവരെയും പ്രവർത്തനക്ഷമമാക്കാത്തതിനാലും ടി പ്രോജക്റ്റിനുവേണ്ടി ചെലവഴിച്ച തുക പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. എത്രയും വേഗം ഇത് പ്രവർത്തനക്ഷമമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-42 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പൊതുവായ അപാകതകൾ

2021-22 വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) തൊഴിലുറപ്പ് പദ്ധതികളുടെ സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2) ഭൂരിഭാഗം ഫയലുകളിലും ആസ്തി നിർമ്മിക്കപ്പെട്ടതിന്റെ ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ലഭ്യമല്ല.

3) പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപും, പ്രവൃത്തി നടത്തുന്ന കാലയളവിലും, പ്രവൃത്തിക്ക് ശേഷവുമുള്ള വിവിധ ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫ് ഭൂരിഭാഗം ഫയലുകളിലും ഉൾപ്പെടുത്താത്തത് നിമിത്തം പൂർത്തികരിച്ച പ്രവൃത്തിയുടെ ഫലപൂർത്തി നിർണയിക്കുവാൻ കഴിയുന്നില്ല.

4) വിവിധ പ്രവൃത്തികൾക്കായി വാങ്ങുന്ന മെറ്റീരിയലിന്റെ ക്യാഷ്ബിൽ ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

5) പ്രവർത്തി നടക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന സൈൻബോർഡുകൾക്ക് 2062/-, 600/-(വിവിധയിനം പ്രവർത്തികൾക്ക്- ഉദാ:നീർത്തട പദ്ധതികൾ, കോഴിക്കൂട് നിർമ്മാണം, ആട്ടിൻ കൂട് നിർമ്മാണം എന്നിവ) എന്നീ നിരക്കിൽ നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ഭൂരിഭാഗം ഫയലുകളിലും ഫോട്ടോ ഇല്ല.

മുകളിൽ പറഞ്ഞിരിക്കുന്ന പൊതുവായ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-43 ഓഡിറ്റ് ഇംപാക്ട്

വെറ്ററിനറി സർജൻ നടപ്പിലാക്കിയ "ഗ്രാമം നിറയെ കോഴി" ( Prj. No. 49/21-22) എന്ന പ്രോജക്റ്റിനായി ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയതിൽ കുറവ് വന്ന തുകയായ 600/- രൂപ (Rt. Book No. 61391/ Rt. No. 52 Dtd. 15.02.21) ഓഡിറ്റിൽ കണ്ടെത്തി ശ്രദ്ധയിൽപ്പെടുത്തുകയും ടി തുക 24.02.2023 ൽ Rt. No. 1220103536 പ്രകാരം Prior Period Income - Other Incomes (Code - 190200401) എന്ന ഹെഡിൽ അടവാക്കുകയും ചെയ്തു. 2021-22 തനത് ഫണ്ടിൽ നിന്ന് ഈ തുക ഉൾപ്പെടെയാണോ ടി പ്രോജക്റ്റിനായി ചെലവഴിച്ചിട്ടുള്ളത് എന്ന് പരിശോധിച്ച് കൃത്യമായ ഹെഡിലേക്ക് ജേണൽ എൻട്രി നടത്താമെന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കോളനികളിൽ സ്ഥാപിക്കുന്നതിന് ബയോബിന്നുകൾ വാങ്ങിയത് ഉപയോഗിച്ചില്ല-പഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ചെലവ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 219/22 |
| പ്രൊജക്റ്റിന്റെ പേര് | കോളനികളിൽ ബയോബിൻ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് സർക്കിൾ |
| അടങ്കൽ | 1,50,000/-(സി.എഫ്.സി.ടൈഡ് ഗ്രാന്റ്)<br>3,50,000/-(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1,50,000/-(സി.എഫ്.സി.ടൈഡ് ഗ്രാന്റ്)-ബിൽ നമ്പർ-956/31.3.22 |

ഗ്രാമപഞ്ചായത്തിലെ 3 കോളനികളിൽ ജൈവ മാലിന്യ സംസ്കരണത്തിനായി ഫൈബർ റീ ഇൻഫോഴ്സ്ഡ് പോളിമർ ബയോ ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അതു വഴി

മാലിന്യത്തെ വളമാക്കി മാറ്റി കോളനികളെ ശുചിത്വ കോളനികളാക്കാനും വേണ്ടി വിഭാവനം ചെയ്തതാണ് 219/22 നമ്പർ പ്രൊജക്ട്. 3 യൂണിറ്റ് ബയോബിൻ സ്ഥാപിച്ചതിന് നോർത്താംപ്സ് ഇ.എൻ.വി. സൊല്യൂഷൻ, ഇരുമ്പനം എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം.897/26.3.22 പ്രകാരം 150000/- രൂപ നൽകി. 1,60,514/-രൂപയാണ് ഇൻവോയ്സ് പ്രകാരമുള്ള ആകെ തുക. 10,514/-രൂപ 2022-23 സാമ്പത്തിക വർഷമാണ് നൽകിയത്. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രൊജക്ട് നടപ്പിലാക്കുന്നതിനായി 14.3.22ന് ഇ-ടെണ്ടർ ക്ഷണിക്കുകയും 19.3.22 ന് നോർത്താംപ്സ് ഇഎൻവി സൊല്യൂഷൻ എന്ന സ്ഥാപനം മാത്രം ടെൻഡർ സമർപ്പിക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 പ്രകാരം 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെ നടത്തേണ്ടതും ടെണ്ടർ സമർപ്പണത്തിന് 21 ദിവസത്തെ സമയം അനുവദിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ പ്രസ്തുത സമയക്രമം സ്വീകരിച്ചതായി കാണുന്നില്ല. 22.3.22 ആണ് ടെൻഡർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി പഞ്ചായത്ത് നൽകിയത്. ടെൻഡർ സമർപ്പിക്കാൻ നിയമാനുസൃത സമയ പരിധി അനുവദിക്കാതിരുന്നതിനും സിംഗിൾ ടെണ്ടർ മാത്രം ലഭിച്ചതിനാൽ പ്രൊജക്ട് റീ ടെൻഡർ ചെയ്യണമെന്നിരിക്കെ അപ്രകാരം ചെയ്യാതിരുന്നതിന്റെയും കാരണം വ്യക്തമാക്കിയിട്ടില്ല. കോളനികളിൽ ബയോബിൻ സ്ഥാപിക്കുന്നതിന് 30.7.21ലെ പഞ്ചായത്ത് കമ്മറ്റി 12/1നമ്പരായി തീരുമാനമെടുത്തിട്ടും ടെൻഡർ നടപടികൾ സാമ്പത്തിക വർഷാവസാനത്തിലേക്ക് മാറ്റി വെച്ച് സിംഗിൾ ടെൻഡർ സ്വീകരിച്ചത് ശരിയായ നടപടിയല്ല.

2)പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ, നോർത്താംപ്സ് ഇഎൻവി സൊല്യൂഷൻ 17.02.22 ൽ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് പഞ്ചായത്ത് ഇ-ടെൻഡർ നടപടി സ്വീകരിച്ചത്. ടെൻഡർ സമർപ്പിക്കാൻ നിയമാനുസൃത സമയ പരിധി അനുവദിക്കാതെ സിംഗിൾ ടെൻഡർ സ്വീകരിച്ചതിലൂടെ, യൂണിറ്റ് കോസ്റ്റ് പ്രൊപ്പോസൽ സമർപ്പിച്ച സ്ഥാപനത്തിൽ നിന്നു തന്നെ ബയോബിൻ വാങ്ങുകയാണ് പഞ്ചായത്ത് ഇവിടെ ചെയ്തത്.

3)ജി.ഓ(പി)നം.22/2018/ഫിൻ, തീ.14.02.18പ്രകാരമുള്ള സബ്സിഡി മാർഗരേഖ, ഖണ്ഡിക 6.8ൽ, കമ്മ്യൂണിറ്റി തലത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ വിഹിതം ഉപയോഗിച്ച് എയ്റോബിക്ക് ബിൻ, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്നതു പ്രകാരം ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജി.ഒ.(ആർ.ടി.) 1898/2020/ത.സ്വ.ഭ.വ, തീ. 14.10.20ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രൊജക്ടുകൾക്ക് ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ശുചിത്വ മിഷനിൽ നിന്നോ സർക്കാരിൽ നിന്നോ യൂണിറ്റ് കോസ്റ്റ് ലഭ്യമാക്കാതെയും സാങ്കേതികാനുമതി ലഭ്യമാക്കാതെയും ബയോ ബിൻ സ്ഥാപിച്ച സ്ഥാപനം നൽകിയ യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് നടപ്പിലാക്കിയതിലൂടെ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയാണ് പഞ്ചായത്ത് ചെയ്തിട്ടുള്ളത്. ഇക്കാരണങ്ങളാൽ തന്നെ ബയോ ബിന്നിന്റെ യഥാർത്ഥ മൂല്യം എത്രയാണെന്ന് വ്യക്തമല്ല.

4)ബയോ ബിന്നുകൾ കൃത്യമായി പരിപാലിച്ചില്ലെങ്കിൽ മാലിന്യ സംസ്കരണം എന്ന ലക്ഷ്യം നടപ്പിലാകാതെ വരികയും ബയോ ബിൻ തന്നെ മാലിന്യ കൂമ്പാരമായി മാറുന്നതിനും സാദ്ധ്യതയുണ്ട്. ബയോ ബിന്നുകളിൽ ജൈവ മാലിന്യ സംസ്കരണത്തിന് ഉപയോഗിക്കേണ്ട ഇനോക്കുലം മിക്സ്, Saw Dust തുടങ്ങിയവ തുടർന്ന് കൃത്യമായി സപ്ലൈ ചെയ്യുന്നതിന് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം ഒരു ബാഗ് ഇനോക്കുലത്തിന് 242/-രൂപയും ഒരു ബാഗ് Saw Dust ന് 248/-രൂപയുമാണ് വില. ഇനോക്കുലം, Saw Dust എന്നിവയുടെ ചെലവ് തുടർന്ന് എങ്ങനെ കണ്ടെത്തുമെന്നും മാലിന്യം വളമാക്കി മാറ്റുന്നത് നീക്കം ചെയ്യുന്നതെങ്ങനെയെന്നും വ്യക്തമല്ല.

5)ഏതെല്ലാം കോളനികളിലാണ് ബയോബിൻ സ്ഥാപിച്ചിരിക്കുന്നതെന്ന് പ്രൊജക്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ടും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രൊജക്ട് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിലില്ല.

6) 27.02.23 ന് ഓഡിറ്റ് ടീം പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധയിൽ ഒരു യൂണിറ്റ് ബയോബിൻ(2എണ്ണം) കുവയ്ക്കാപ്പള്ളി കോളനിയിലും ഒരു യൂണിറ്റ് വട്ടപ്പാറ രാജീവ് ഗാന്ധി കോളനിയിലും സ്ഥാപിച്ചിരിക്കുന്നതായി കണ്ടെത്തി. 2022 മാർച്ച് മാസത്തിൽ ആണ് ഇവ സ്ഥാപിച്ചത്. എന്നാൽ രണ്ട് സ്ഥലത്തും ജൈവ മാലിന്യങ്ങളുടെ സംസ്കരണം നാളിതുവരെയായും നടത്തിയിട്ടില്ല എന്ന് ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മാലിന്യത്തിൽ മഴവെള്ളം വീണാൽ അജൈവ മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാൻ സാധിക്കില്ല എന്നിരിക്കെ മേൽക്കൂരയൊന്നും ഇല്ലാതെ തുറസായ സ്ഥലത്താണ് ബിന്നുകൾ വെച്ചിട്ടുള്ളത്. കുവയ്ക്കാപ്പള്ളി കോളനിയിൽ ബയോബിന്നുകൾ ഒരു മീറ്റിംഗ് ഹാളിനോട് ചേർന്നാണ് വെച്ചിട്ടുള്ളത്. അവ എന്താവശ്യത്തിനായാണ് വെച്ചിരിക്കുന്നതെന്ന് അറിയില്ലെന്നാണ് കോളനി നിവാസികൾ അറിയിച്ചത്. രാജീവ് ഗാന്ധി കോളനി നിവാസികൾ, തങ്ങൾക്ക് ജൈവ മാലിന്യ നിർമ്മാർജനത്തിന് മറ്റു മാർഗങ്ങൾ ഇല്ലാത്തതിനാൽ ബയോബിന്നുകൾ എത്രയും വേഗം പ്രവർത്തന ക്ഷമമാക്കി തരണമെന്ന് ആവശ്യപ്പെട്ടു. വാങ്ങിയവയിൽ

അവശേഷിച്ച ഒരു യൂണിറ്റ് ബയോബിൻ സെറ്റ് ചെയ്യാതെ വിവിധ ഭാഗങ്ങൾ പഴയ പഞ്ചായത്ത് ഓഫീസിന്റെ മുറ്റത്ത് ആക്രി സാധനങ്ങളുടെ ഒപ്പം ഇട്ടിരിക്കുന്നതായി കാണപ്പെട്ടു. മറ്റ് കോളനിക്കാർ ആരും ബയോബിന്നുകൾ സ്ഥാപിക്കാൻ അനുവദിക്കാത്തതിനാലാണ് ഒരു യൂണിറ്റ് ബയോബിൻ സെറ്റ് ചെയ്യാതെ പഴയ പഞ്ചായത്ത് ഓഫീസിന്റെ മുറ്റത്ത് ഇട്ടിരിക്കുന്നതെന്നാണ് വി.ഇ.ഒ. അറിയിച്ചത്. ആവശ്യകത തിട്ടപ്പെടുത്താതെ പദ്ധതിപ്പണം ചെലവഴിച്ചതു വഴി 50,000/- രൂപയുടെ ബയോബിൻ ഉപയോഗ ശൂന്യമായി അവശേഷിക്കുകയാണ് ചെയ്തത്. മറ്റ് രണ്ട് സ്ഥലങ്ങളിലും ബയോബിന്നുകൾ ഉപയോഗിക്കാനുള്ള യാതൊരു സംവിധാനവും നിർവ്വഹണോദ്യോഗസ്ഥനോ പഞ്ചായത്തോ ചെയ്തു കൊടുക്കാത്തതിനാൽ അവയും നിലവിൽ ഉപയോഗ ശൂന്യമായി തീർന്നിരിക്കുകയാണ്.






7)ഇൻവോയ്സ് പ്രകാരം 10,514/-രൂപ ചെലവ് വന്നിരിക്കുന്നത് ഇനോക്കുലം മിക്സ്, Saw Dust, ഹാന്റ് ഫോർക്ക്, ഗ്ലൗസ്, സോപ്പ് ഉടങ്ങിയ ബയോ ബിൻ മാലിന്യ സംസ്കരണത്തിന് ആവശ്യമായ അനുബന്ധ വസ്തുക്കൾക്കായാണ്. ഇവ സൂക്ഷിച്ചിരിക്കുന്നത് പഴയ പഞ്ചായത്ത് ഓഫീസ് പരിസരത്ത് ആണെന്ന് വി.ഇ.ഒ.അറിയിച്ചെങ്കിലും ഭൗതിക പരിശോധനയിൽ ഇവയൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ചെലവ് തുക 10,513/-രൂപ സപ്ലൈയർക്ക് 2022-23 വർഷം 75/2023 നമ്പർ സ്പിൽ ഓവർ പ്രൊജക്ടിൽ (പ്രൊജക്ടിന്റെ പേര്-കോളനികളിൽ ബയോ ബിൻ സ്ഥാപിക്കൽ)ഉൾപ്പെടുത്തി സ്വച്ച് ഭാരത് മിഷൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

രണ്ട് യൂണിറ്റ് ബയോബിൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ മാലിന്യ സംസ്കരണത്തിന് ഉപയോഗിക്കുന്നതിനുള്ള നടപടിയൊന്നും സ്വീകരിക്കാത്തതിനാൽ ചെലവ് തുക 1,00,000/-രൂപ തടസപ്പെടുത്തുന്നു. കോളനിയിലെ ജനങ്ങൾക്ക് മാലിന്യ സംസ്കരണത്തിന് ഉപയോഗയോഗ്യമാവുന്ന വിധത്തിൽ ബയോ ബിന്നുകൾ സജ്ജമാക്കേണ്ടതാണ്. പഴയ പഞ്ചായത്ത് ഓഫീസിന്റെ മുറ്റത്ത് ഉപയോഗ ശൂന്യമായി പല കഷ്ണങ്ങളായി ഇട്ടിരിക്കുന്ന ഒരു യൂണിറ്റ് ബയോബിന്നിന്റെ ചെലവ് പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. ആയതിനാൽ ഒരു യൂണിറ്റ് ബയോബിന്നിന്റെ ചെലവ് തുക 50,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടത്തിന് ഉത്തരവാദിയായ വി.ഇ.ഒ.യിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിലെ മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 09/27.02.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ.മറുപടി ലഭ്യമാക്കിയില്ല.

## 3-2 ശ്മശാനം മെയിന്റനൻസ് -എ.എം.സി.-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 222/22 |
| പ്രൊജക്ടിന്റെ പേര് | ശ്മശാനം മെയിന്റനൻസ്-എ.എം.സി.നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,00,000/-(തനത് ഫണ്ട്) |
| ചെലവ് | 1,20,000/-(വൗച്ചർ നമ്പർ-22100672/08.11.21-1,17,600/-,വൗച്ചർ നമ്പർ-22100673/09.11.21-2400/-(ആദായ നികുതി ടി.ഡി.എസ്)). |

എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ശ്മശാനത്തിന്റെ മെയിന്റനൻസിനായി എ.എം.സി നൽകുന്നതിന് 08.9.21ൽ ജി.എസ്.ടി.രജിസ്ട്രേഷനുള്ള കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചതിനെ തുടർന്ന് 3 കമ്പനികൾ ടെണ്ടർ സമർപ്പിക്കുകയും കുറഞ്ഞ തുക 2,40,000/-രൂപ ക്വാട്ട് ചെയ്ത പെർഫെക്ട് എൻജിനീയറിംഗ് സർവ്വീസസ്, നെന്മാറ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 21-22വർഷം 1,20,000/-രൂപ എ.എം.സി. ആദ്യ ഗഡു ഇനത്തിൽ പദ്ധതിയ്ക്കായി ചെലവഴിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) പെർഫെക്ട് എൻജിനീയറിംഗ് സർവ്വീസസ് നെന്മാറ എന്ന സ്ഥാപനം ടെണ്ടറിനൊപ്പം ശ്മശാനം

നിർമ്മാണം, മെയിന്റനൻസ് എന്നീ മേഖലകളിലെ പ്രവൃത്തി പരിചയം കാണിക്കുന്ന രേഖകൾ, ജി.എസ്.ടി.രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, PAN എന്നിവ ഹാജരാക്കിയിട്ടില്ല. ടെണ്ടർ സമർപ്പിച്ച മറ്റ് സ്ഥാപനങ്ങളായ ടെക്നോ റിഗ്സ് എന്റർപ്രൈസസ്, ഹൈടെക്ക് ക്രിമറ്റോറിയം എന്നിവ ശ്മശാനം നിർമ്മാണം, മെയിന്റനൻസ് മേഖലകളിൽ പ്രവൃത്തി പരിചയമുള്ളതും ജി.എസ്.ടി.രജിസ്ട്രേഷൻ, UDYAM രജിസ്ട്രേഷൻ എന്നിവയുള്ള സ്ഥാപനങ്ങളാണ്. ആവശ്യമായ അനുബന്ധ രേഖകളൊന്നും ഹാജരാക്കാതിരുന്നിട്ടും പെർഫെക്ട് എൻജിനീയറിംഗ് സർവ്വീസിന്റെ ടെണ്ടർ സ്വീകരിച്ചതിന്റെ കാരണം വ്യക്തമല്ല. സ്ഥാപനത്തിന് നൽകിയ ടെണ്ടർ ഫോമിൽ പഞ്ചായത്തിന്റെ സീൽ പതിച്ചിട്ടില്ല. ടെണ്ടർ ഫോമിൽ വില രേഖപ്പെടുത്തിയിട്ടില്ല. മറ്റ് രണ്ട് സ്ഥാപനങ്ങൾക്കും നൽകിയ ടെണ്ടർ ഫോമിൽ പഞ്ചായത്തിന്റെ സീൽ പതിച്ചിട്ടുണ്ട്. പെർഫെക്ട് എൻജിനീയറിംഗ് സർവ്വീസസ് 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2)ടെണ്ടറിൽ എ.എം.സി. അടങ്കൽ 3,00,000/-രൂപ കണക്കാക്കിയിട്ടുള്ളത് എൽ.എസ്.ജി.ഡി. അസി.എൻജിനീയറുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല. ആയതിനാൽ എസ്റ്റിമേറ്റ് തുകയുടെ ആധികാരികത ഉറപ്പ് വരുത്താൻ സാദ്ധ്യമല്ല.

3) ടി സ്ഥാപനം സെക്രട്ടറിയുമായി വെച്ച കരാറിൽ കരാർ നമ്പർ, തീയതി എന്നിവ ചേർത്തിട്ടില്ല. എ.എം.സി.കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. ഏതെല്ലാം ജോലികൾ എ.എം.സി.യുടെ ഭാഗമായി ചെയ്യുമെന്നതു സംബന്ധിച്ചും എ.എം.സി.യുടെ പരിധിയിൽ വരാത്ത ജോലികൾ സംബന്ധിച്ചും കരാറിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. കരാറിൽ മുഴുവൻ അക്ഷരത്തെറ്റുകളും വ്യാകരണത്തെറ്റുകളുമാണ്.

4) സ്ഥാപനം ഹാജരാക്കിയിട്ടുള്ള 2,40,000/- രൂപയുടെ എ.എം.സി.ക്വട്ടേഷനിൽ തീയതി ഇല്ല. ജി.എസ്.ടി.18% അടക്കമാണ് ടി തുക ക്വാട്ട് ചെയ്തിട്ടുള്ളത്. സ്ഥാപനം നൽകിയ 1,20,000/- രൂപയുടെ ഇൻവോയ്സിൽ -ഇൻവോയ്സ് നമ്പർ 74-ൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി മൂല്യം 1,01,694.91/- രൂപ, CGST 9152.54/-രൂപ, SGST-9152.54/-രൂപ ഉൾപ്പെടെയുള്ള ബില്ലാണ് സ്ഥാപനം നൽകിയത്. എന്നാൽ ഇത് ജി.എസ്.ടി. ഇൻവോയ്സിന്റെ മാതൃകയിലുള്ള ഇൻവോയ്സ് അല്ല. ഇൻവോയ്സിലും എ.എം.സി.ക്വട്ടേഷനിലും നൽകിയിട്ടുള്ള ജി.എസ്.ടി. നമ്പർ-32DECPR0028QIDZ ജി.എസ്.ടി.വെബ് പോർട്ടലിൽ ഇൻവാലിഡ് എന്നാണ് കാണിച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ GSTIN കാണിക്കുന്ന ജി.എസ്.ടി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻവോയ്സിന്റെ ആധികാരികത എന്നിവ പരിശോധിച്ചതിനു ശേഷം മാത്രമേ ജി.എസ്.ടി. നൽകാവൂ എന്നിരിക്കെ യാതൊരു മേൽ പരിശോധനയും കൂടാതെ ജി.എസ്.ടി. നൽകുകയാണ് പഞ്ചായത്ത് ചെയ്തത്, ഇൻവാലിഡ് ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പർ കാണിച്ച് പഞ്ചായത്ത് ഫണ്ടിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ സ്ഥാപനം കൈപ്പറ്റിയ 18306/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി.വകുപ്പുമായി ബന്ധപ്പെട്ട് സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കേണ്ടതുമാണ്. സ്ഥാപനം തിരികെ തുക അടവാക്കിയില്ലെങ്കിൽ 18306/- രൂപ യാതൊരു മേൽ പരിശോധനകളുമില്ലാതെ തുക അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

5)എ.എം.സി.കാലയളവ് എന്നാണ് അവസാനിച്ചതെന്ന് വ്യക്തമല്ല. രണ്ടാം ഗഡു എ.എം.സി.തുക, ജി.എസ്.ടി.അടക്കം 1,20,000/- രൂപ 2022-23 വർഷം പ്രൊജക്ട് നമ്പർ-66/2023 പ്രകാരം നൽകിയതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി പ്രൊജക്ട് ഫയലിലെ ഇൻവോയ്സിൽ ഇൻവാലിഡ് ജി.എസ്.ടി നമ്പരാണ് കാണിച്ചിട്ടുള്ളതെങ്കിൽ 2022-23 വർഷം നൽകിയ ജി.എസ്.ടി.തുകയും തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നൽകിയ 10/27.02.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ശ്മശാനം അറ്റകുറ്റപ്പണി എ.എം.സി. യ്ക്ക് ടെണ്ടർ ക്ഷണിക്കുമ്പോൾ ആവശ്യമായ ജോലികൾ എന്തൊക്കെയാണെന്ന് തിട്ടപ്പെടുത്തി അസി.എൻജിനീയർ നൽകുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം അടങ്കൽ നിശ്ചയിക്കേണ്ടതും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കരാർ തയ്യാറാക്കേണ്ടതാണ്. ശ്മശാനം അറ്റകുറ്റപ്പണി മേഖലയിൽ പ്രവൃത്തി പരിചയവും വാലിഡ് ജി.എസ്.ടി. രജിസ്ട്രേഷനുള്ള സ്ഥാപനത്തിന് മാത്രം എ.എം.സി.നൽകേണ്ടതാണ്.

## 3-3 എൽ.ഇ.ഡി. നിർമ്മാണ യൂണിറ്റിന് വികസന ഫണ്ടിൽ നിന്നും നൽകിയ ധനസഹായം തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 16/22 |
| പ്രൊജക്ടിന്റെ പേര് | കുടുംബശ്രീ എൽ.ഇ.ഡി.നിർമ്മാണ യൂണിറ്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് സർക്കിൾ |
| അടങ്കൽ | 25,000/-(പൊതുവിഭാഗം വികസന ഫണ്ട്)<br>25,000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | 25,000/-(പൊതു വിഭാഗം വികസന ഫണ്ട്)-ബിൽ നമ്പർ-921/26.3.22 |

പ്രോജക്ട് പ്രകാരം എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ ചെത്തിക്കോട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഡ്രീം ലൈറ്റ് എൽ.ഇ.ഡി.യൂണിറ്റ് എന്ന കുടുംബശ്രീ സംരഭത്തിന് 25,000/-രൂപ വികസന ഫണ്ടിൽ നിന്നും ധനസഹായം നൽകി. 5 വനിതകൾ ചേർന്ന് ആരംഭിച്ച ഈ സംരംഭം കുടുംബശ്രീ ജില്ല മിഷനിൽ മൈക്രോ എന്റർപ്രൈസസ് ആയി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഉണ്ട്. ഫയലിൽ ചേർത്തിട്ടുള്ള റിപ്പോർട്ടിൽ, 1,60,000/-രൂപയാണ് സംരഭത്തിന് ആവശ്യമുള്ളതെന്നും കുടുംബശ്രീയിൽ നിന്നും എടുത്ത 1,50,000/-രൂപയും ഗുണഭോക്തൃ വിഹിതമായ 10,000/-രൂപയും ചേർത്താണ് യൂണിറ്റ് ആരംഭിക്കുന്നതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സംരംഭം തുടങ്ങുന്നതിന് ആവശ്യമായ 1,60,000/-രൂപ മൂലധനം സംരംഭകർ കണ്ടെത്തിക്കഴിഞ്ഞ സാഹചര്യത്തിലാണ് 25,000/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും ധനസഹായം നൽകിയത്.

ജി.ഓ.(പി)നം.22/2018/ത.സ്വ.ഭ.വ., തീ.14.02.2018 സബ്സിഡി മാർഗരേഖ പ്രകാരം ബാങ്ക് വായ്പ എടുത്ത് പുതിയതായി സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം തുടങ്ങുന്നവർക്ക് വായ്പയുടെ പലിശ തുക ബാക്ക് എൻഡ് സബ്സിഡിയായി ലോൺ അക്കൗണ്ടിലേക്ക് നൽകുന്നതിനു വേണ്ടി മാത്രമേ തനത്/വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കാവൂ. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ ഉണ്ടാകരുത്. ഇവിടെ സംരംഭം തുടങ്ങുന്നതിനായി ബാങ്ക് വായ്പ എടുത്തിട്ടില്ല. കൂടാതെ സർക്കാർ ഏജൻസിയായ കുടുംബശ്രീയിൽ നിന്നും 1,50,000/-രൂപ മൂലധനമായി സ്വീകരിച്ചതായി സംരംഭകർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഡ്രീം ലൈറ്റ് എൽ.ഇ.ഡി.യൂണിറ്റ് എന്ന സംരംഭത്തിന് സബ്സിഡി മാർഗരേഖ പ്രകാരം ധനസഹായത്തിന് അർഹതയില്ലാതിരുന്നിട്ടും മാർഗരേഖയ്ക്ക് വിരുദ്ധമായി 25,000/-രൂപ വികസന ഫണ്ടിൽ നിന്നും ധനസഹായം ഇനത്തിൽ ചെലവഴിച്ചത് നിരാകരിക്കുന്നു. തുക ഡ്രീം ലൈറ്റ് എൽ.ഇ.ഡി.യൂണിറ്റിൽ നിന്നു തിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. സ്ഥാപനം തുക അടവാക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും 25,000/-രൂപ ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 12/27.02.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

## 3-4 ആട് ഗ്രാമം പദ്ധതി - യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ളതിലും അധികം സബ്സിഡി നൽകി

പ്രോജക്ട് നം- 116/2022

അടങ്കൽ- 350000/- (Plan- G -175000 B.C -1,75,000)

ചെലവ് - 350000/- (ഗുണഭോക്തൃവിഹിതം ഉൾപ്പെടെ)

വൗച്ചർ നം- 831/2021-22 Rs.70,000/- C/o 28/02/2022 (പ്ലാൻ ഫണ്ട്)

ബിൽ നം- 863/2021-22 Rs.1,05,000/- C/o 19/03/2022 (പ്ലാൻ ഫണ്ട്)

നിർവ്വഹണം-വെറ്ററിനറി സർജൻ

എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ ആട്ടുകളെ വിതരണം ചെയ്യുന്നതിന് നടപ്പിലാക്കിയ ആട് ഗ്രാമം പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും 1,75,000/- രൂപ സബ്സിഡി നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 25 ഗുണഭോക്താക്കൾക്ക് ആറ് മാസം പ്രായമുള്ള മലബാറി ഇനത്തിൽപ്പെട്ട രണ്ടാടിനെ വീതം നൽകിയിട്ടുണ്ട്. ഒരാടിന് 7000/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് അതിന്റെ 50% 3500/- രൂപ നിരക്കിൽ രണ്ടാട്ടുകൾക്ക് 7000/- രൂപയാണ് സബ്സിഡി വിതരണം ചെയ്തത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് സ.ഉ(കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീ.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2.2 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ പദ്ധതി പ്രകാരം വിതരണം നടത്തുന്ന ആട്ടുകളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിലാണ് നിശ്ചയിക്കേണ്ടത്. 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായ ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ചിരുന്നില്ല. 2020-21 ൽ ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച ജില്ലാതല യൂണിറ്റ് കോസ്റ്റാണ് പദ്ധതി കാലയളവിൽ നിലവിലുണ്ടായിരുന്നത് (ഉത്തരവ് നമ്പർ 61139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം തീയതി 20/03/2020.) ഇത് പ്രകാരം മലബാറി ആട്ടുകൾക്ക് (ആറ് മാസം, 12 Kg) 5,000/- രൂപയാണ് വില നിശ്ചയിച്ചിരുന്നത്. ഇത് പ്രകാരം ആറ് മാസം പ്രായമുള്ള രണ്ടാട്ടുകൾക്ക് പരമാവധി 5000/- രൂപയാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ 7000/- രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ 2021-22 വർഷത്തെ യൂണിറ്റ് കോസ്റ്റ് ലഭിക്കാത്ത സാഹചര്യത്തിൽ മുൻവർഷത്തെ നിരക്കുകളിൽ അധികരിച്ച് സബ്സിഡി നൽകിയതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങിയതായുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം- 23 തിയതി 28/02/2023 ) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. 1000/-രൂപ നിരക്കിൽ 50 ആട്ടുകളുടെ സബ്സിഡി നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ചിട്ടുള്ള 50,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം നിശ്ചയിച്ച നിരക്കിൽ മാത്രം തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 729400 | സമഗ്ര നെൽകൃഷി വികസനം | 729400 | 0 |
| | 2021-22 | 210500 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 210500 | 0 |
| | 2021-22 | 300000 | ലൈഫ് ഭവനപദ്ധതി | 300000 | 0 |
| | 2021-22 | 360000 | ലൈഫ് ഭവനപദ്ധതി (SCP) | 360000 | |
| | 2021-22 | 150000 | ക്ഷീരസംഘങ്ങൾ മുഖേനവിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 150000 | 0 |
| ആകെ | | 1749900 | | 1749900 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 508744 | പാലിന് സബ്സിഡി | 508744 | 0 |
| | 2021-22 | 560000 | ലൈഫ് ഭവനപദ്ധതി | 560000 | 0 |
| | | 840000 | ലൈഫ് ഭവനപദ്ധതി(SCP) | 840000 | 0 |
| | 2021-22 | 221660 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 221660 | |
| | 2020-21 | 440000 | ലൈഫ് ഭവനപദ്ധതി | 440000 | |
| | 2021-22 | 21000 | ബൃത്ത് ഒരുക്കൽ | 21000 | |
| ആകെ | | 2591404 | | 2591404 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നല്കിയ തുക, വൗച്ചർ/ബിൽ നം., തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 3ഫേസ് ലൈൻ | 9075/-, 42100086, Dtd 12.11.2021 | 0 | 18389/- |

| | | | | |
|---|---|---|---|---|
| | | 9314/-, 42100243, Dtd 07.03.2022 | | |
| KWA | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 7,63,000/-(834 /28.2.22) | 0 | 7,63,000/- |
| KWA | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 7,55,500/-(908 /25.3.22) | 0 | 7,55,500/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തൻവർഷം ലഭിച്ചത് | തിരിച്ചട ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 1 | ലൈഫ് കെ.യു.ആർ. ഡി.എഫ്.സി | ഓൺലൈൻ ട്രാൻസ്ഫർ | 9014871 | 0 | 9014871 | 1496000 (ജി.ഒ.പ്രൊജക്ട് വഴി സ്രോതസിൽ കുറവ് ചെയ്തത്)<br>വികസന ഫണ്ട് ജനറൽ – 1180333/-<br>വികസനഫണ്ട് എസ്.സി.പി – 315667/-<br>--------------------<br>₹ 1496000/- | - | 7518871 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6-3,6-(3),(1, 2) | തൊഴിൽ നികുതി | ഖണ്ഡികകളിലെ പരാമർശങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2015-16 | 2(1)എ | 2016-17 | | 12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | തൊഴിൽ നികുതി ഈടാക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ,, | 2(സി) | ,, | | റെയിൽവെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | റെയിൽവെ ഡിവിഷണൽ മാനേജർക്ക് 25-01-2017, 18-07-2017, 23-08-2018 തീയതികളിൽ അറിയിപ്പ് നൽകി. |
| ,, | 2(ഡി) | ,, | | പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ ശ്രീ.ബിനോയ് ജോസഫിൽ നിന്ന് തൊഴിൽ നികുതി | 15-02-2017 ന് ഈടാക്കി ഒടുക്കിയിട്ടുണ്ട്. |

ഈടാക്കിയില്ല.

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84423324.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84967359.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,43,306/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,10,580/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50,000 | ശ്രീ.ഹരീഷ് കുമാർ പി.എച്ച്., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് സർക്കിൾ |
| 3-2 | 18,306 | രാജശ്രീ കെ., സെക്രട്ടറി(വിരമിച്ചു) |
| 3-3 | 25,000 | ശ്രീ.ഹരീഷ് കുമാർ പി.എച്ച്., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് സർക്കിൾ |
| 3-4 | 50,000 | ഡോ. വീണ ഫിലിപ്പ്, വെറ്ററിനറി സർജൻ |
| ആകെ | 1,43,306/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 2,31,420 | ശ്രീമതി.ഷൈല കെ.കെ., ICDS സൂപ്പർവൈസർ |
| 1-21 | 1,96,800 | ശ്രീമതി .ജീന റ്റി., ICDS സൂപ്പർവൈസർ |
| 1-23 | 2,22,000 | ശ്രീമതി.ജ്യോതി, ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.സ്കൂൾ |
| 1-25 | 9,24,378 | രാജശ്രീ കെ., സെക്രട്ടറി(വിരമിച്ചു) |
| 1-27 | 15,498 | ശ്രീ.ജയന്തകുമാർ എ.പി., സെക്രട്ടറി |
| 1-28 | 1,00,000 | ശ്രീ.ഹരീഷ് കുമാർ പി.എച്ച്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-29 | 5,00,000 | ശ്രീമതി.ഡോവ്ലിൻ പീറ്റേഴ്സ്, കൃഷി ഓഫീസർ |
| 1-31 | 78,000 | ശ്രീ.ജയന്തകുമാർ എ.പി., സെക്രട്ടറി |
| 1-34 | 15,18,500 | ശ്രീ.ജയന്തകുമാർ എ.പി., സെക്രട്ടറി |
| 1-35 | 41,500 | ഡോ.ഭവ്യ ആർ.പ്രസാദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,തൊട്ടൂർ |
| 1-36 | 99,984 | ഡോ.വിനോദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,.ആരക്കുന്നം |

| | | |
|---|---|---|
| 1-39 | 50,000 | ശ്രീമതി രാജശ്രീ കെ., സെക്രട്ടറി(വിരമിച്ചു) |
| | 32,500 | ശ്രീ.ജയന്തകുമാർ എ.പി., സെക്രട്ടറി |
| ആകെ | 40,10,580/ - | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയന്തകുമാർ എ.പി., സെക്രട്ടറി | സെക്രട്ടറി, എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | അലസക്കോടത്തുമന, കാഞ്ഞിരമറ്റം.പി.ഓ. 682315 |
| ശ്രീമതി രാജശ്രീ കെ സെക്രട്ടറി, | സേവനത്തിൽ നിന്നും വിരമിച്ചു | 4 ബി, ലോട്ടസ് ഗാർഡൻസ് , തൃപ്പൂണിത്തുറ- 682301 |
| ശ്രീ. ഹരീഷ് കുമാർ പി.എച്ച്, വി.ഇ.ഓ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | പുഴമംഗലത്ത്, പാഴൂർ പി.ഓ. പിറവം |
| ശ്രീമതി.ഷൈല കെ.കെ., ICDS സൂപ്പർവൈസർ | സേവനത്തിൽ നിന്നും വിരമിച്ചു | എടപ്പറമ്പിൽ, തിരുമറയൂർ പി.ഒ, എടയ്ക്കാട്ടുവയൽ |
| ശ്രീമതി.ജീന റ്റി. ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ, പാമ്പാക്കട ബ്ലോക്ക് | പുളിയൻമാക്കൽ, തെക്കൻ പറവൂർ പി.ഒ |
| ഡോ.ഭവ്യ ആർ.പ്രസാദ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,തൊട്ടൂർ | മുട്ടകണ്ടത്തിൽ , പാണ്ടാശ്ശേരിൽ, തൃശ്ശൂർ |
| ഡോ.വിനോദ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,ആരക്കുന്നം | പ്രണവം, പെരിയപുരം, ഓണക്കൂർ |
| ശ്രീമതി.മിനിമോൾ പി.റ്റി., അസി.എൻജിനീയർ | അസി.എൻജിനീയർ, എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | അരമുറിപ്പറമ്പിൽ തിരുവോണം, തുരുത്തിക്കര, പൈങ്ങരപ്പള്ളി, മുളന്തുരുത്തി |
| ശ്രീമതി.ഡോവ്ലിൻ പീറ്റേഴ്സ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മുണ്ടേരി ഫാം,മലപ്പുറം | പുത്തൻവീട് , ഹാപ്പി വില്ല, കാക്കനാട് |
| ശ്രീമതി. ജ്യോതി, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ, എടയ്ക്കാട്ടുവയൽ | തറമറ്റത്തിൽ വീട്, പിറവം-686664 |
| ഡോ.വീണ ഫിലിപ്പ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | തൊഴപ്പാടൻ , കാരുള്ളിൽ ലെയിൻ, തൃപ്പൂണിത്തുറ |

.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1992-93 | എൽ.എഫ്.ഇ.(പി6) 2265/13, 05.03.14 |
| 1998-99 | എൽ.എഫ്.ഇ. (പി6) 680/15, 11.12.15 |
| 2001-02 | കെ.എസ്.എ-ഇകെഎം(പി6)1478(1)/19 തീ. 23.07.2019 |
| 2001-02 (പദ്ധതിചെലവ്) | എൽ.എഫ്.ഇ. (പി4) 1438/03/ 10.12.08 |
| 2002-03 (പദ്ധതി ചെലവ്) | എൽ.എഫ്.ഇ. (പി4) 1245/05, 02.03.06 |
| 2003-04 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2004-05 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2005-06 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2007-08 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2008-09 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2009-10 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2010-11 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2011-12 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2012-13<br>2013-14 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2014-15 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2015-16 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2016-17 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2017-18 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2018-19 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2019-20 | കെ.എസ്.എ.-ഇകെഎം.(പി.6) 387/2021, 15.12.2021 |
| 2020-21 | കെ.എസ്.എ.-ഇകെഎം.(പി.6) 959/2022, 06.08.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്